പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 331 — 20-07-2011 ൽ മറുപടിക്ക്

## നഗരങ്ങളുടെ പശ്ചാത്തല സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻനായർ<br>ശ്രീ.കെ.സുരേഷ്കുറുപ്പ്<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.എസ്.ശർമ്മ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ നഗരങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കേണ്ട ആവശ്യം പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനായി പരിഗണിച്ചു വരുന്ന പദ്ധതിയെക്കുറിച്ച് വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാനത്തെ നഗരങ്ങളുടെ പശ്ചാത്തല വികസനത്തിനായി താഴെ പറയുന്ന പദ്ധതികളാണ് നടപ്പാക്കിവരുന്നത്.<br>1. കേരള സുസ്ഥിരനഗരവികസന പദ്ധതി (KSUDP)<br>2. ജവഹർലാൽ നെഹ്റു ദേശീയ നഗരവികസനദൗത്യം (JNNURM)<br>3. ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തലവികസന പദ്ധതി (UIDSSMT)<br>4. 45 മുനിസിപ്പാലിറ്റികളിൽ നടത്തുന്ന Integrated Housing and Slum Development Programme.<br>5. കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിൽ നടത്തുന്ന Basic Services for Urban Poor<br>കൂടാതെ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിനു വേണ്ടി വായ്പാകരാറിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. |

(സി) എന്തെല്ലാം നിലയിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഏതെല്ലാം നിലയിൽ വികസിപ്പിച്ചെടുക്കാനാണുദ്ദേശി ക്കുന്നതെന്നും ഈ വർഷം അതിനായി പുതുതായി എത്ര തുക വിനിയോഗിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

(സി) താഴെ പറയുന്ന പശ്ചാത്തല സൗകര്യങ്ങളാണ് വികസിപ്പിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

1. നൂറ്റിഇരുപത്തിയേഴ് കോടി പതിനേഴ് ലക്ഷം രൂപയുടെ ശുദ്ധജല വിതരണ പദ്ധതി.
2. ഇരുനൂറ്റി എൺപത് കോടി മുപ്പത്തിയൊന്ന് ലക്ഷം രൂപയുടെ സ്വീവറേജ് ആന്റ് സാനിറ്റേഷൻ പദ്ധതി.
3. എൺപത്തിമൂന്ന് കോടി അറുപത്തിയഞ്ച് ലക്ഷം രൂപയുടെ സ്റ്റോം വാട്ടർ ഡ്രെയിനേജ്
4. മുപ്പത്തിരണ്ട് കോടി തൊണ്ണൂറ്റിനാല് ലക്ഷം രൂപയുടെ ഖരമാലിന്യ നിർമ്മാർജ്ജനം.
5. നൂറ്റിഇരുപത്തിയാറ് കോടി മുപ്പത്തിയൊന്ന് ലക്ഷം രൂപയുടെ റോഡുകളുടെ നവീകരണം.

**നഗരസാമൂഹ്യവികസനം**

1. കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ചർ ഫണ്ട്- നാല്പത്തിയഞ്ച് കോടി രൂപയുടെ അടിസ്ഥാന ഘടകങ്ങളും സേവനങ്ങളും.
2. അൻപത്തിയാറ് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ പോവർട്ടി സോഷ്യൽഫണ്ട്.

കെ.എസ്.യു.ഡി.പി പദ്ധതിക്കായി ഈ വർഷം 105 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

തിരുവനന്തപുരം, കൊച്ചി എന്നീ

നഗരങ്ങളിൽ JNNURM പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.

JNNURM പദ്ധതിക്കായി 2011-2012 വർഷം ബഡ്ജറ്റിൽ ഇരുന്നൂറ്റിമുപ്പത്തിനാല് കോടി അറുപത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നൂറ്റിമുപ്പത്തിയൊന്ന് കോടി അറുപത്തിയേഴ് ലക്ഷം രൂപ കേന്ദ്രസഹായവും നൂറ്റിരണ്ട് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്.

ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസന പദ്ധതി (UIDSSMT) പ്രകാരം സംസ്ഥാനത്തെ 22 മുനിസിപ്പാലിറ്റികളിൽ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരവും അതിന് ചിലവഴിക്കാൻ ഉദ്ദേശിക്കുന്ന തുകയും അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം ഒന്ന്

തിരുവനന്തപുരം നഗരം

1. ജലവിതരണ പദ്ധതി
2. സ്വിവറേജ് സ്കീം ഒന്നാംഘട്ടം
3. ഖരമാലിന്യ നിർമ്മാർജ്ജനം
4. സ്വിവറേജ് സ്കീം രണ്ടാംഘട്ടം
5. ആധുനിക ബസ്സുകൾ
6. ഉപരിതല ജലനിർഗ്ഗമന പദ്ധതി

കൊച്ചി നഗരം

1. ജലവിതരണ പദ്ധതി
2. സ്വിവറേജ് സ്കീം
3. ഉപരിതല ജല നിർഗ്ഗമന പദ്ധതി
4. ഖരമാലിന്യ നിർമ്മാർജ്ജനം
5. ആധുനിക ബസ്സുകൾ
6. ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ
7. ഇ- ഗവേണൻസ്
8. ഹെറിറ്റേജ്

സെക്ഷൻ ഓഫീസർ

## അനുബന്ധം രണ്ട്

| നഗരസഭയുടെ പേര് | ഘടകം |
|---|---|
| നെയ്യാറ്റിൻകര<br>ആറ്റിങ്ങൽ<br>പുനലൂർ<br>ചങ്ങനാശ്ശേരി<br>പത്തനംതിട്ട<br>പെരിന്തൽമണ്ണ | ഖരമാലിന്യ സംസ്കരണം |
| പയ്യന്നൂർ<br>ആലപ്പുഴ | കുടിവെള്ളം |
| ചാലക്കുടി | സ്വിവറേജ് |
| കൊയിലാണ്ടി<br>ആലപ്പുഴ<br>നെടുമങ്ങാട്<br>നോർത്ത് പറവൂർ | ഖരമാലിന്യ സംസ്കരണം |
| ആലുവ<br>ഗുരുവായൂർ<br>ചാവക്കാട്<br>തലശ്ശേരി<br>വടകര<br>കൽപ്പറ്റ<br>പെരിന്തൽമണ്ണ<br>ചിറ്റൂർ<br>ചങ്ങനാശ്ശേരി<br>തിരുവല്ല<br>ഒറ്റപ്പാലം<br>മലപ്പുറം | കുടിവെള്ളം |

ഈ പദ്ധതിക്കായി ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ എഴുപത് കോടി മുപ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കെ.എൽ.ജി.എസ്.ഡി.പി പദ്ധതിക്ക് വേണ്ടി ഇരുന്നൂറ് മില്യൻ യു.എസ്.ഡോളറിന്റെ (920 കോടി രൂപ) വായ്പാ കരാറിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. 2011-2012 മുതൽ 2014-2015 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിലെ 978 ഗ്രാമപഞ്ചായത്തുകൾക്കും 60 മുനിസിപ്പാലിറ്റികൾക്കും ഈ പദ്ധതിയിലൂടെ സേവന-പ്രദാനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ആസ്തികളുടെ സൃഷ്ടി, ആസ്തികളുടെ മെയിന്റിനൻസ് എന്നിവയ്ക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവര ശേഖരം പൂർണമാക്കി ധനകാര്യ കമ്മിഷനുകൾക്കും ആസൂത്രണ പദ്ധതികൾക്കും ആവശ്യമായ പഠനങ്ങൾക്ക് ഉപയുക്തമാക്കുകയും ചെയ്യുക എന്നീ കാര്യങ്ങൾക്കാണ് ഈ ധനം ഉപയോഗിക്കേണ്ടത്.

2011-12 ലെ ബഡ്ജറ്റ് പ്രകാരം അനുവദിച്ചിട്ടുള്ള ഫണ്ട്

ഡെവലപ്മെന്റ്:

കോർപ്പറേഷനുകൾ - 200,05,84,000/-

മുനിസിപ്പാലിറ്റികൾ - 245,88,94,000/-

മെയിന്റനൻസ്:

**കോർപ്പറേഷനുകൾ :**

നോൺറോൾ: 18,51,79,000/-

റോഡ് : 36,64,56,000/-

**മുനിസിപ്പാലിറ്റികൾ**

നോൺറോഡ് : 23,02,42,000/-

റോഡ് : 52,83,93,000/-

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 332 — 20.07.2011 -ൽ മറുപടിയ്ക്ക്

## വന വിഭവങ്ങളുടെ ശേഖരണത്തിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീമതി.ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ** | **ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)** |
| എ) വനവിഭവങ്ങളുടെ ശേഖരണം, വിപണനം എന്നിവയ്ക്ക് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ) വനം വകുപ്പിന്റെ തോട്ടങ്ങളിൽ നിന്നും അടച്ചുമുറി, ഇടമുറി എന്നിവ വഴി ലഭ്യമാകുന്ന തടി, കഴകൾ, വിറക് എന്നിവ വനം വകുപ്പ് നിയോഗിക്കുന്ന കൺവീനർമാർ വഴിയോ, കോൺട്രാക്ടർമാർ വഴിയോ ശേഖരിക്കുന്നു. യൂക്കാലി, അക്കേഷ്യ എന്നീ പൾപ്പ് മര തോട്ടങ്ങളിൽ നിന്നുള്ള തടി പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് കേരള വന വിഭവ വിൽപ്പന വില നിർണ്ണയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഒരോ വർഷവും നിശ്ചയിക്കുന്ന വിലയ്ക്ക് അലോട്ട് ചെയ്യുന്നു. ബന്ധപ്പെട്ട സ്ഥാപനമാണ് ശേഖരണം നടത്തുന്നത്. ഈറ്റ,മുള എന്നീ വിഭവങ്ങൾ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് കൂപ്പ് തിരിച്ച് അലോട്ട് ചെയ്യുന്നു. ഈ വിഭവങ്ങൾ ശേഖരിക്കുന്നത് ബന്ധപ്പെട്ട സ്ഥാപനങ്ങളാണ്.<br>തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് റെയിഞ്ചടിസ്ഥാനത്തിൽ സൗജന്യമായി ഒരോ സാമ്പത്തിക വർഷത്തേക്കും അലോട്ട് ചെയ്തു വരുന്നു. കൂടാതെ വന സംരക്ഷണ സമിതികളിലും, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികളിലും അംഗങ്ങളായ ആദിവാസികളും തടിയേതര വനവിഭവ ശേഖരണം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതിനായി പുതിയ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | ബി) | തടിയേതര വനവിഭവങ്ങളുടെ ശാസ്ത്രീയമായി ശേഖരണം, സംഭരണം, മൂല്യവർദ്ധനവ് എന്നിവ നടത്തി ഗുണമേൻമ ഉറപ്പുവരുത്തി വിപണനം ചെയ്യുന്നതിനായി വനശ്രീ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | സംസ്ഥാനത്തെ വനങ്ങളിൽ നിന്നും ലഭിക്കുന്ന വനവിഭവങ്ങൾ ഏതെല്ലാം ; ഇവ ശേഖരിക്കുന്നതിനുള്ള അവകാശം ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | സി) | സംസ്ഥാനത്തെ വനങ്ങളിൽ നിന്നും ലഭിക്കുന്ന തടി, വിറക് കൂടാതെയുള്ള ചെറുകിട വന വിഭവങ്ങളുടെ പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു. നിലവിൽ ചെറുകിട വന വിഭവ സംഭരണം പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് റെയിഞ്ചടിസ്ഥാനത്തിൽ അലോട്ട് ചെയ്തു വരുന്നു. |
| ഡി) | വനവിഭവങ്ങൾ ശേഖരിക്കുന്നതിൽ ആദിവാസി കൾക്കുള്ള പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ ? | ഡി) | 2006-ലെ വനാവകാശ നിയമപ്രകാരം ചെറുകിട വന വിഭവങ്ങൾ ആദിവാസി സമൂഹത്തിന്റെ പൊതു അവകാശമാണ്. ഒരോ പ്രദേശത്തും അധിവസിക്കുന്ന ആദിവാസി സമൂഹങ്ങൾ പാരമ്പര്യമായി വിഭവശേഖരണം നടത്തിയിരുന്ന വനമേഖലയിൽ നിന്ന് ഈ വിഭവങ്ങൾ ശേഖരിച്ച് സ്വന്തം ആവശ്യത്തിന് സംസ്കരിച്ചോ അല്ലാതയോ വിപണനം ചെയ്യുന്നതിനുള്ള അവകാശം ഇവർക്ക് നൽകിയിട്ടുണ്ട്. വന വിഭവങ്ങൾക്ക് വംശനാശം വരാതെയുള്ള ശേഖരണരീതികൾ അനുവർത്തിക്കാനുള്ള ബാധ്യത ഒരോ ആദിവാസി സമൂഹത്തിനുമുണ്ട്. ആയതിനുള്ള പരിശീലനം അവർക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം – I

## വനത്തിൽ നിന്നും ശേഖരിക്കാവുന്ന തടിയേതര വനവിഭവങ്ങളുടെ പട്ടിക

| ക്രമ നമ്പർ | പേര് | ക്രമ നമ്പർ | പേര് |
|---|---|---|---|
| 1 | അമൽപൊരി | 44 | പാടക്കിഴങ്ങ് |
| 2 | അടപതിയൻ കിഴങ്ങ് | 45 | പാച്ചോറ്റിത്തൊലി |
| 3 | ഇടംപിരി വലംപിരി | 46 | പൂവണത്തരി |
| 4 | ആടലോടകവേര് | 47 | പുത്തരിച്ചുണ്ട |
| 5 | ഈന്തപ്പനക്കായ | 48 | പൊള്ളക്കായ (നാഞ്ചിക്കുരു) |
| 6 | ഉറുഞ്ചിക്കായ | 49 | പുന്നപ്പൂവ് |
| 7 | ഓരില | 50 | പുളി |
| 8 | ഓടക്കുരു | 51 | പാലിക്കുരു |
| 9 | കസ്തൂരിമഞ്ഞൾ | 52 | പറിനാറി |
| 10 | കഴഞ്ചിക്കുരു | 53 | തകര വേര് |
| 11 | ചെറുതേൻ | 54 | വൻതേൻ |
| 12 | കൽപ്പാശം | 55 | തേൻ മെഴുക് |
| 13 | കണ്ണാടിവെള്ള | 56 | താന്നിക്കായ |
| 14 | കടുക്ക | 57 | തെന്ത്രക്കായ |
| 15 | കാട്ടുകുരുമുളകിൻ വള്ളി | 58 | തേറ്റാംപരൽ |
| 16 | കാട്ടുപാവയ്ക്ക | 59 | താമരക്കിഴങ്ങ് |
| 17 | കാട്ടുമഞ്ഞൾ | 60 | നാഗിൻകുരു |
| 18 | കാട്ടുതിപ്പല്ലി വേര് | 61 | നറുനീണ്ടി (നന്നാറി) |
| 19 | കാഞ്ഞിരക്കുരു | 62 | നീല അമരി |
| 20 | കാട്ടിഞ്ചി | 63 | നെല്ലിക്കായ |
| 21 | കാന്താരിമുളക് | 64 | നീർവാളക്കുരു |
| 22 | കുന്ദം | 65 | നായ്ക്കോരണപ്പരിപ്പ് |
| 23 | കക്കുംകായ | 66 | മഞ്ഞക്കൂവ |
| 24 | കരിംകുറിഞ്ഞി | 67 | മട്ടിപ്പാൽ |
| 25 | കാട്ടുപയർവേര് | 68 | മരോട്ടിക്കുരു |
| 26 | കാട്ടുതുളസി വേര് | 69 | മുവില |
| 27 | കാട്ടുപുന്നക്കായ | 70 | മുത്തങ്ങ |
| 28 | കിരിയാത്ത | 71 | മുള്ളിലക്കുരു |
| 29 | കീഴാർനെല്ലി | 72 | ചിറ്റരത്തക്കിഴങ്ങ് |
| 30 | കുന്തിരിക്കം | 73 | ചീനിക്കായ |
| 31 | കുറുന്തോട്ടി | 74 | ചിറ്റമൃത് |
| 32 | കുമിഴിൻവേര് | 75 | ചെറുതേക്കിൻവേര് |
| 33 | കൈതോന്നി | 76 | ചെമ്പരത്തിവേര് |
| 34 | കുടംപുളി | 77 | ചിതമിർപ്പൂവ് |
| 35 | കൊപ്പുവെള്ള | 78 | രാമച്ചം |
| 36 | കോലരക്ക് | 79 | ചങ്ങലംപരണ്ട |
| 37 | കൊടിത്തൂവ വേര് | 80 | ശതാവരിക്കിഴങ്ങ് |
| 38 | കോലിഞ്ചി | 81 | വയമ്പ് |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പേര് |
|---|---|
| 39 | പട്ടിങ്ങ |
| 40 | പഞ്ഞിക്കായ |
| 41 | പത്തിരിപ്പൂവ് |
| 42 | കാട്ടുപടവലം |
| 43 | പാൽമുതുക്കിൻ കിഴങ്ങ് |
| 87 | വെളുത്താവണക്കിൻവേര് |
| 88 | ഗരുഡക്കൊടി |
| 89 | ജീവകം |
| 90 | ദർഭപ്പുല്ല് |
| 91 | ഏലക്കായ |
| 92 | ചിറ്റേലം |
| 93 | അത്തിത്തിപ്പലി |
| 94 | പ്ലാശ് (പൂവും കായും) |
| 95 | പുൽത്തൈലം |
| 96 | കറ്റാർവാഴ |
| 97 | ബ്രഹ്മി |
| 98 | എരുക്ക് |
| 99 | ഉഴിഞ്ഞ |
| 100 | തകര |
| 101 | കൊടങ്ങൽ |
| 102 | കാട്ടുവെള്ളരി |
| 103 | കോവൽ |
| 104 | കാക്കത്തൊണ്ടി |
| 105 | നിലപ്പന |
| 106 | ആനച്ചുവടി |
| 107 | കരിങ്കുടങ്ങൽ |
| 108 | മേന്തോന്നി |
| 109 | ചക്കരക്കൊല്ലി |
| 110 | തേക്കട |
| 111 | വയൽച്ചുള്ളി |
| 112 | തെറ്റി |
| 113 | താളിപ്പൂവ് |
| 114 | തൊട്ടാവാടി |
| 115 | ഇലഞ്ഞിപ്പൂവ് |
| 116 | നിലനാരകം |

| ക്രമ നമ്പർ | പേര് |
|---|---|
| 82 | വയണപ്പൂവ് |
| 83 | വൻകുറുന്തോട്ടി |
| 84 | വെള്ളഈമ്പ |
| 85 | സീതാരി |
| 86 | തഴുതാമവേര് |
| 117 | പുളിയാറില |
| 118 | ചുവന്ന കൊടുവേലി |
| 119 | പച്ചില |
| 120 | പൊങ്ങിളങ്ങ് |
| 121 | മുഞ്ഞ |
| 122 | മഞ്ചെട്ടി |
| 123 | ഞാവൽ |
| 124 | ഞെരിഞ്ഞിൽ |
| 125 | പൂവാങ്കുറുന്തൽ |
| 126 | അടയ്ക്കാമണിയൻ |
| 127 | കാട്ടുചേന |
| 128 | ഇലവിൻപശ |
| 129 | കൊടകപ്പാല |
| 130 | കുന്നിക്കുരു |
| 131 | കസ |
| 132 | ചെന്നക്കുത |
| 133 | നാഗപ്പൂവ് |
| 134 | നന്മെപ്പുല്ല് |
| 135 | നായ്ക്കുരുണ വേര് |
| 136 | ഞാവൽക്കുരു |
| 137 | ഞെരിഞ്ഞാപ്പുളി കിഴങ്ങ് |
| 138 | പുലിച്ചുവടി |
| 139 | ചെറുപുന്നയരി |
| 140 | ചെറുതിപ്പലി |
| 141 | തിരുതാളി |
| 142 | കണ്ടകാരി |
| 143 | കരിഞ്ജീരകം |
| 144 | വിഴലരി |
| 145 | ചുൽപ്പുല്ല് |

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 333 20.07.2011 ൽ മറുപടിയ്ക്ക്

വൈദ്യുത പദ്ധതികളിലെ അപകടസാദ്ധ്യതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് അപകട സാദ്ധ്യതയുള്ളതായി കരുതപ്പെടുന്ന പ്രമുഖ വൈദ്യുത പദ്ധതികൾ ഏതൊക്കെയാണ് ; ഈ പദ്ധതികൾ നിലവിൽവന്നത് ഏതെല്ലാം വർഷങ്ങളിലായിരുന്നു ; | എ. സംസ്ഥാനത്തെ ഒരു വൈദ്യുത പദ്ധതിയും പ്രത്യേകിച്ച് അപകടസാധ്യതയുള്ളതായി കണ്ടെത്തിയിട്ടില്ല |
| ബി. ഗുരുതരമായ ഈ സാഹചര്യം കണക്കിലെടുത്ത് എന്തെല്ലാം നിലയിലുള്ള മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | ബി. മൂലമറ്റം പവർ ഹൗസിൽ 20.06.2011-ൽ ഉണ്ടായ അപകടത്തിന്റെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന മുൻകരുതൽ നടപടികൾ കൈക്കൊണ്ടു വരുന്നു.<br>1. എല്ലാ പവർ ഹൗസുകളിലും സുരക്ഷാ ഓഡിറ്റ് നടത്തി ജീവനക്കാരുടെയും ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിയ്ക്കും.<br>2. ഫയർ ഡിറ്റക്ഷൻ പ്രൊട്ടക്ഷൻ സിസ്റ്റം ആധുനികവൽക്കരിക്കുകയും അവ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി സ്ഥാപിക്കുകയും ചെയ്യുന്നതാണ്.<br>3. ആട്ടോമാറ്റിക് ഫയർ ഫൈറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>4. കേബിളുകൾ വഴി തീ പടരുന്നത് തടയുന്നതിനായി ഫയർ റിട്ടാർഡന്റ് കേബിളുകൾ സ്ഥാപിക്കും.<br>5. പവർ ഹൗസിലെ വിവിധ നിലകളിലുള്ള വിവിധ ഉപകരണങ്ങളുടെയും പാനലുകളുടെയും യഥാർത്ഥ അവസ്ഥ ഉടനടി കൺട്രോൾ റൂമിൽ ലഭ്യമാക്കുന്നതിനായി ആധുനികമായ മോണിട്ടറിംഗ് |

സംവിധാനങ്ങൾ പ്രധാനപ്പെട്ട പവർ ഹൗസുകളിൽ സ്ഥാപിക്കും.

6. പവർ ഹൗസുമായി ബന്ധപ്പെട്ട ഇൻടേക്ക് ഗേറ്റ്, പെൻസ്റ്റോക്ക്, വാട്ടർ കണ്ടക്ടിംഗ് സിസ്റ്റം, പവർ ഹൗസ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു യൂണിഫൈഡ് കമാന്റ് കൺട്രോൾ സംവിധാനം നടപ്പിൽ വരുത്തുന്നത് ബോർഡിന്റെ പരിഗണനയിലാണ്.

7. എല്ലാ പവർ ഹൗസുകളിലും ചെയ്യേണ്ട പീരിയോഡിക് മെയിന്റനൻസുകൾ കൃത്യമായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8. പെൻസ്റ്റോക്കുകൾ ബലവത്താക്കുന്നതിനും ചില സ്ഥലങ്ങളിൽ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. എല്ലാ വാൽവ് ഹൗസുകളും മെയിന്റനൻസ് നടത്തി സംരക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കൂടാതെ വാൽവ് ഹൗസുകളിൽ ഓപ്പറേറ്റർമാരെ ഷിഫ്റ്റ് ഡ്യൂട്ടിയിൽ നിയമിച്ചിട്ടുണ്ട്.

10. ആറുമാസത്തിൽ ഒരിക്കൽ വീതം പവർ സ്റ്റേഷനുകളിലെ ജീവനക്കാർക്ക് ഫയർ & സേഫ്റ്റി ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പരിശീലനം നല്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. പ്രധാന പവർ സ്റ്റേഷനുകളിൽ എല്ലാവിധ സൗകര്യങ്ങളുമുള്ള ആംബുലൻസ് സൗകര്യം ഏർപ്പാടാക്കും.

12. പവർ ഹൗസ് ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും ഡ്രസ് കോഡും നിർബന്ധമാക്കും.

| | |
|---|---|
| സി. ഭൂകമ്പസാദ്ധ്യത കൂടുതലായുള്ള സ്ഥലങ്ങളിൽ എവിടെയെങ്കിലും വൈദ്യുത പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ? | സി. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് - ന്റെ തരംതിരിവനുസരിച്ച് (IS-1893-2002) ഭാരതത്തെ സോൺ 2, സോൺ 3, സോൺ 4, സോൺ 5 എന്നിങ്ങനെ ഭൂകമ്പസാദ്ധ്യതയുടെ വെളിച്ചത്തിൽ പല മേഖലകളായി തരംതിരിച്ചിട്ടുണ്ട്. |

ഇതിൽ സോൺ 5 ആണ് ഭൂകമ്പസാദ്ധ്യത കൂടുതലുള്ള പ്രദേശമായി കണക്കാക്കുന്നത്. കേരള സംസ്ഥാനത്തെ സോൺ 3 - ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ കേരളത്തിലെ വൈദ്യുതപദ്ധതികൾ താരതമ്യേന ഭൂകമ്പസാദ്ധ്യത കുറവുള്ള പ്രദേശങ്ങളിലാണ് എന്ന് അനുമാനിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 334

20-07-2011-ൽ മറുപടിക്ക്

### വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും നിക്ഷേപ തുക വർദ്ധിപ്പിക്കാനുള്ള നീക്കം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. കെ.ദാസൻ<br>,, ബി.ഡി. ദേവസ്സി<br>,, ആർ. സെൽവരാജ് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും നിക്ഷേപ തുക വർദ്ധിപ്പിച്ച് വാങ്ങുന്നതിന് ബോർഡ് നടപടി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ ; | (എ) | കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005 പ്രകാരം സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽതന്നെ ഉപഭോക്താവിന്റെ പേരിൽ ബോർഡിന്റെ പക്കലുള്ള സെക്യൂരിറ്റി നിക്ഷേപതുക പര്യാപ്തമാണോ എന്ന് പരിശോധിച്ച് ആവശ്യമായ ക്രമീകരണം നടത്തേണ്ടതുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ബോർഡ് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കരുതുന്നുണ്ടോ ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ ഇപ്പോൾ നിക്ഷേപ തുക വർദ്ധിപ്പിക്കേണ്ടതുണ്ടോ ; | (സി) &(ഡി) | പ്രസക്തമല്ല. |
| (ഡി) | നിക്ഷേപ തുക വർദ്ധിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 335

20-07-2011-ൽ മറുപടിക്ക്

## വൈദ്യുതിമോഷണം തടയുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ്<br>,, പി. സി. വിഷ്ണുനാഥ്<br>,, അൻവർ സാദത്ത്<br>,, പി. എ. മാധവൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) എ.പി.ടി.എസ്.- ന്റെ പ്രവർത്തനം ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) സംസ്ഥാനത്തൊട്ടാകെ 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ, ഒരു ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ക്വാഡുകൾക്ക് വൈദ്യുതി ദുരുപയോഗം കണ്ടുപിടിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ ഈ യൂണിറ്റുകൾക്ക് വേണ്ടി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എ.പി.റ്റി.എസ് വിഭാഗത്തിലെ എല്ലാ ഓഫീസർമാർക്കും വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും അതിന്റെ നിയമവശങ്ങളെക്കുറിച്ചും അറിവു നേടുന്നതിനുള്ള പരിശീലനം നല്കി വരുന്നു. |
| (ബി) വൈദ്യുതി മോഷണം കണ്ടെത്തുന്ന ഉദ്യോഗസ്ഥന്മാർക്ക് പാരിതോഷികങ്ങൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) വൈദ്യുതി മോഷണം കണ്ടെത്തുന്ന ഉദ്യോഗസ്ഥൻമാർക്ക് പാരിതോഷികം നല്കിവരുന്നുണ്ട്, ആയതുവഴി ബോർഡിന് അധികവരുമാനം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്ക് ടി ഇനത്തിൽ ഈടാക്കിയ തുകയുടെ 5 ശതമാനമോ/50,000 രൂപയോ ഏതാണോ കുറവായി വരുന്നത്, ആ തുക നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.336

20.07.2011ൽ മറുപടിയ്ക്ക്

<u>സാമൂഹ്യക്ഷേമ മേഖലയിലെ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.എ.പ്രദീപ്കുമാർ:<br>ശ്രീ.കെ.വി.വിജയദാസ്: | ഡോ.എം.കെ.മുനീർ,<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)<br>സാമൂഹ്യക്ഷേമ രംഗത്ത് മുൻസർക്കാർ നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ)<br>മുൻ സർക്കാർ നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു. മുൻ സർക്കാർ നടപ്പിലാക്കിയ പ്രധാന പരിപാടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി)<br>2006-ൽ മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക എത്രയെന്നും ഏതെല്ലാം എന്നും വെളിപ്പെടുത്തുമോ; | (ബി)<br>2006ൽ വകുപ്പുമായി ബന്ധപ്പെട്ട പെൻഷൻ പദ്ധതികളിൽ കുടിശ്ശിക ഉണ്ടായിരുന്നില്ല. |
| (സി)<br>മുൻ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ക്ഷേമ പെൻഷനുകൾക്ക് എത്ര തുക വീതം വർദ്ധിപ്പിക്കുകയുണ്ടായി; ഈ സർക്കാർ ഇപ്പോൾ എന്തു തുക വീതം വർദ്ധിപ്പിക്കുകയുണ്ടായി; | (സി)<br>മുൻ സർക്കാരിന്റെ കാലത്ത് വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവ 300/-രൂപയായി വർദ്ധിപ്പിച്ചിരുന്നു. |

| | |
|---|---|
| (ഡി)<br>സാമൂഹ്യക്ഷേമ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി)<br>വികലാംഗ സർട്ടിഫിക്കറ്റ് ഇനിയും ലഭ്യമാക്കാത്തവർക്ക് കാർഡ് വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ക്യാമ്പുകൾ നടത്തുന്നതാണ്. വൃദ്ധജനങ്ങൾക്ക് ആരോഗ്യ പരിചരണം നൽകുന്നതിനായുള്ള വയോമിത്രം പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ വകുപ്പിൻെറ ആഭിമുഖ്യത്തിൽ ഒരു സോഷ്യോ എക്കണോമിക് സർവ്വേ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്കുള്ള പഠന സഹായം വർദ്ധിപ്പിക്കുന്നതാണ്. വയനാട് ജില്ലയിലെ സിക്കിൾസെൽ അനീമിയ രോഗ ബാധിതർക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി പോഷകാഹാരം വിതരണം ചെയ്യുന്നതാണ്. |

R. Vijayalakshmi

സെക്ഷൻ ഓഫീസർ

അനുബന്ധം

1. വികലാംഗർക്ക് സർട്ടിഫിക്കറ്റ് കം തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള കർമ്മ പദ്ധതി.
2. തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ ശയ്യാവലംബരായി കഴിയുന്നവർക്കുള്ള ആശ്വാസകിരണം പദ്ധതി.
3. കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, മറ്റ് രോഗങ്ങൾക്ക് ചികിത്സയ്ക്കായുള്ള താലോലം പദ്ധതി, കാരുണ്യ നിക്ഷേപ പദ്ധതി എന്നിവ.
4. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് തൃശ്ശൂരിൽ പ്രതീക്ഷാ ഭവൻ.
5. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സൈക്കോ സോഷ്യൽ സർവ്വീസ്.
6. സ്ത്രീശാക്തീകരണത്തിനുള്ള പരിപാടി, വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ എന്നിവ.
7. വൃദ്ധ സദനങ്ങളും ഡേ കെയർ സെൻററുകളും തുടങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാൻറ് ഇൻ എയ്ഡ് പദ്ധതി.
8. ജെൻഡർ അഡ്വൈസറി ബോർഡ്.
9. അവിവാഹിതരായ ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും പുനരധിവാസത്തിന് സ്നേഹസ്പർശം പരിപാടി.
10. കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം നൽകുന്ന സ്നേഹസാന്ത്വനം പദ്ധതി.

R. Vijayan
സെക്രട്ടറി

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*337 | 20.07.2011 -ൽ മറുപടിയ്ക്ക് |
|---|---|

### താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. പി.എ. മാധവൻ:<br>ശ്രീ. റ്റി.എൻ. പ്രതാപൻ:<br>ശ്രീ. വി.പി. സജീന്ദ്രൻ: | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവ്വീസിൽ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരായ ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ? | (എ) | ഇല്ല |
| (ബി) | ഇല്ലെങ്കിൽ വികലാംഗരായ പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | വികലാംഗർക്കുള്ള 3% സംവരണ നിയമനം 2004 മുതൽ പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചിട്ടുള്ളതിനാൽ, താല്ക്കാലിക നിയമനം ലഭിച്ച വികലാംഗരുടെ നിയമനം സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതു തീയതി വരെ താൽക്കാലിക നിയമനം ലഭിച്ചവർക്കാണ് സ്ഥിര നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | അവസാനമായി 15.08.98 നും 15.08.99 നും മദ്ധ്യേ താല്ക്കാലിക സേവന മനുഷ്ഠിച്ച വികലാംഗരെയാണ് സ്ഥിരപ്പെടുത്തിയത് |
| (ഡി) | വികലാംഗ നിയമന തട്ടിപ്പുകളുടെയും ഈ വിഭാഗത്തിന് അർഹതപ്പെട്ട ഒഴിവുകൾ മറ്റുള്ള വിഭാഗക്കാർ തട്ടിയെടുക്കുന്നതിന്റെയും പശ്ചാത്തലത്തിൽ പദ്ധതി പുനരാരംഭിക്കുമോ? | (ഡി) | ഇക്കാര്യം പരിഗണനയിലില്ല. |

Mary ...
സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :338 — 20.07.2011-ൽ മറുപടിയ്ക്ക്

**പഞ്ചായത്തുകളിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ജനകീയ സംവിധാനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക് :<br>ശ്രീ.എം ഹംസ:<br>ശ്രീ.സി.കെ.സദാശിവൻ:<br>ശ്രീ. പുരുഷൻ കടലുണ്ടി: | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ എന്തെല്ലാം ജനകീയ സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കുമോ; | (എ) ഗ്രാമപഞ്ചായത്തുകളിൽ പദ്ധതികൾ രൂപീകരണത്തിന് മുന്നോടിയായി ഗ്രാമസഭകൾ ചേരുകയും, വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും തുടർന്ന് വികസന സെമിനാറുകൾ നടത്തുകയും ചെയ്യുന്നു. ഗ്രാമസഭയിൽ സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള ആളുകൾ പങ്കെടുക്കുകയും പ്രാദേശിക വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചയിലും സംവാദത്തിലും സജീവമായി പങ്കെടുത്ത് തങ്ങളുടെ ആവശ്യങ്ങൾ ധരിപ്പിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ ഒരു ജനപ്രതിനിധിയുടെ അദ്ധ്യക്ഷതയിൽ അതത് മേഖലയിലെ ഒരു വിദഗ്ദ്ധൻ വൈസ് ചെയർമാനായും ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ ഉദ്യോഗസ്ഥരിൽ നിർവ്വഹണഉദ്യോഗസ്ഥൻ ആയിട്ടുള്ളയാൾ അതത് മേഖലയിലെ കൺവീനർ ആയിരിക്കുകയും അതിൽ സേവനം പ്രദാനം ചെയ്യുവാൻ ശേഷിയുള്ള ആർക്കും അംഗമാകാവുന്നതുമാണ്. കൂടാതെ ഒരു കുടുംബശ്രീ അംഗം എല്ലാ വർക്കിംഗ് ഗ്രൂപ്പിലും ഉൾപ്പെടുന്നു. പ്രത്യേക ദൗത്യ നിർവ്വഹണത്തിനായി കർമ്മ സമിതികൾ രൂപീകരിക്കുകയും ചെയ്യാറുണ്ട്. ഗ്രാമസഭയിൽ നിന്നും പ്രതിനിധികളായിതെരഞ്ഞെടുക്കപ്പെടുന്ന ഒരു പുരുഷനും വനിതയും ഉൾപ്പെടെ സമൂഹത്തിൻെറ നാനാതുറകളിലെ പ്രധാനപ്രതിനിധികളുടെയും പ്രഗത്ഭരുടെയും പങ്കാളിത്തത്തോടെയാണ് വികസന സെമിനാർ ചേർന്ന് വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുന്ന കരട് |

പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നത് കൂടാതെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള ഗ്രാമസഭക്ക് മുമ്പ് പ്രധാന സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകളും നടത്തുന്നു.

ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ അവയുടെ പരിധിക്കകത്തുള്ള ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിലെ എല്ലാ ജനപ്രതിനിധികളെയും ഉൾപ്പെടുത്തി വേണം ഗ്രാമസഭപോലുള്ള സെഷനുകൾ സംഘടിപ്പിക്കേണ്ടത്. ജില്ലാപഞ്ചായത്തുകളുടെ കാര്യത്തിൽ, ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയാണ് യോഗം ചേരേണ്ടത്.

(ബി) വർക്കിംഗ് ഗ്രൂപ്പുകൾ, ടാസ്ക് ഫോഴ്സുകൾ, വിദഗ്ദ്ധസമിതികൾ ഇവയുടെ സഹായങ്ങൾ ഉപയോഗപ്പെടുത്തുമോ;

(ബി) വർക്കിംഗ് ഗ്രൂപ്പുകൾ, ടാസ്ക് ഫോഴ്സുകൾ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ ഇവയുടെ സഹായങ്ങൾ പദ്ധതി രൂപീകരണത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലുംജനകീയ പങ്കാളിത്തം ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

(സി) പ്രാദേശിക സാമ്പത്തിക വികസനം തദ്ദേശീയമായ വികസന പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നതിലൂടെയേ സാധ്യമാകൂ എന്നതുകൊണ്ട് പദ്ധതി രൂപീകരണം ഗ്രാമസഭയിലും തുടർന്നുള്ള വികസന സെമിനാറിലും മറ്റും സജീവമായ ജനപങ്കാളിത്തം ഉണ്ടാകാറുണ്ട്. മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, തൊഴിൽ വേദികൾ, കുടുംബശ്രീ ശൃംഖല എന്നിവ മുഖേന പ്രത്യേകമായി വേണ്ടത്ര പ്രചാരണംനടത്തിയശേഷം ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 339 : 20/07/2011 -ൽ മറുപടിക്ക്

### ചെറുകിട വ്യവസായ മേഖലയുടെ വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി. സി. ജോർജ് :<br>ഡോ. എൻ. ജയരാജ് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും നാടിന്റെ വികസനത്തിനും ചെറുകിട വ്യവസായങ്ങൾ എത്രമാത്രം സഹായകമാകുന്നുണ്ട്; വിശദമാക്കുമോ; | (എ) | കുറഞ്ഞ മുതൽ മുടക്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുവഴി സ്വയം തൊഴിൽ നൽകുന്നതിനും പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ചെറുകിട വ്യവസായങ്ങൾക്ക് കഴിയുന്നു. |
| (ബി) | സംസ്ഥാനത്ത് വളരെ വിജയകരമായി പ്രവർത്തിച്ചു വരുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണ്; | (ബി) | സംസ്ഥാനത്ത് നിരവധി ചെറുകിട വ്യവസായങ്ങൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു. ഭക്ഷ്യ ഉൽപ്പന്ന വ്യവസായങ്ങൾ, വസ്ത്ര നിർമ്മാണം, ലൈറ്റ് എഞ്ചിനീയറിംഗ്, ഐ.റ്റി. മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ, കരകൗശലം, കയർ, കൈത്തറി മേഖലയിൽപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ ആയുർവേദ ഉൽപ്പന്ന വ്യവസായങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ എന്നീ മേഖലയിൽ നിരവധി സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ചെറുകിട വ്യവസായ മേഖലയുടെ സുഗമമായ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്ന ഘടകങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഇത് സംബന്ധിച്ച് 2006-ൽ ഒരു പഠനം നടത്തിയിട്ടുണ്ട്. ഈ പഠനത്തിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ഡി) | ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിന് അനുഗുണമായി ഇത്തരം വ്യവസായ ശാലകളിലെ ഉല്പന്നങ്ങൾ പ്രൊമോട്ട് ചെയ്യുന്നതിന് സർക്കാർ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ഡി) | ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിന് ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രദർശന വിപണന മേളകളിലൂടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു. ഗവേഷണ കേന്ദ്രങ്ങൾ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു. വനിതാ വ്യവസായ പദ്ധതി മുഖേന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള സഹായവും നൽകി വരുന്നു. |
| (ഇ) | വിദേശ വ്യാപാര ലോബികളുടെ വിപണന തന്ത്രങ്ങളെ ചെറുക്കുന്നതിന് ചെറുകിട വ്യവസായ മേഖലയ്ക്ക് ശക്തമായ പിന്തുണ നല്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ഉണ്ട്. ക്ലസ്റ്റർ അധിഷ്ഠിത വ്യവസായ വികസനം, പ്രൈസ് പ്രിഫറൻസ്, സബ്സിഡി, മാർജിൻ മണി, വിപണന പ്രോത്സാഹന പദ്ധതികൾ, സാങ്കേതിക നവീകരണ പദ്ധതി എന്നിവയ്ക്ക് ധനസഹായവും, ഉപദേശങ്ങളും നൽകി വിദേശ വ്യാപാര, വാണിജ്യ ലോബികളുടെ തന്ത്രങ്ങൾ ചെറുക്കാൻ ചെറുകിട വ്യവസായങ്ങളെ പ്രാപ്തരാക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. നിലവിലുള്ള സംരംഭങ്ങളെ ആധുനികവത്ക്കരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുക.
2. ചെറുകിട വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുക
3. ഗവേഷണ ശാലകളുടെ കൺസോർഷ്യം ഉണ്ടാക്കുകയും വ്യവസായ സംരംഭങ്ങൾക്ക് പുതിയ ഡിസൈനുകൾ വികസിപ്പിക്കുന്നതിനും അതുവഴി വിപണന രംഗത്ത് മാത്സര്യ മനോഭാവം സൃഷ്ടിക്കുന്നതിനും സഹായിക്കുക.
4. സാങ്കേതികമായ സഹായം നൽകുക
5. ഉൽപ്പന്നങ്ങളുടെ വിപണനാവശ്യത്തിനുള്ള സഹായം നൽകുക.
6. സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.
7. വ്യവസായ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക.
8. കൂടുതൽ സ്വയം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
9. അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.
10. കൂടുതൽ സഹായ സേവനങ്ങൾ നൽകുക.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 340 — 20.07.2011-ൽ മറുപടിക്ക്.

**കേന്ദ്ര സർക്കാരിന്റെ അവഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. ആർ. സെൽവരാജ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിന്റെ ദീർഘ നാളത്തെ ആവശ്യങ്ങളായ റെയിൽവേ സോൺ, ദക്ഷിണ ചരക്ക് ഇടനാഴി, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം എന്നിവയോടുള്ള കേന്ദ്ര സർക്കാരിന്റെ അവഗണനാ മനോഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കേരളത്തിന്റെ ദീർഘനാളത്തെ ആവശ്യങ്ങളായ റെയിൽവേ സോൺ, ദക്ഷിണ ചരക്ക് ഇടനാഴി, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം എന്നിവ യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാനം ചെയ്യേണ്ടതായ സ്ഥലം ഏറ്റെടുത്ത് നൽകുക, വൈദ്യുതീകരണത്തിനുള്ള വൈദ്യുതി നൽകുക എന്നീ കാര്യങ്ങളിൽ ഇനിയും സംസ്ഥാനത്തിന്റെ ഭാഗത്ത് നടപടികൾ പൂർത്തിയാകേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തിന്റെ റെയിൽവേ സംബന്ധിച്ച ആവശ്യങ്ങളോട് കേന്ദ്രം അനുഭാവപൂർണ്ണമായ പരിഗണനയാണ് നൽകി വരുന്നത്. |
| (ബി) | കേരളത്തിന്റെ ഇത്തരം അടിയന്തിര പ്രാധാന്യമുള്ള ആവശ്യങ്ങൾ നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചു കഴിഞ്ഞു. |
| (സി) | ഈ പദ്ധതികൾ ഓരോന്നിന്റേയും കാര്യത്തിൽ റെയിൽവേ മന്ത്രാലയം എടുക്കുന്ന നിലപാട് എന്താണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇക്കാര്യം റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 341 — 20-07-2011-ൽ മറുപടിയ്ക്ക്

## കായിക താരങ്ങളെ സഹായിക്കുന്നതിന് ഫണ്ട്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. അൻവർ സാദത്ത്: | | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ)<br>കായിക താരങ്ങളെ സഹായിക്കുന്നതിന് ഒരു പ്രത്യേകം ഫണ്ട് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി)<br>എങ്കിൽ ഫണ്ടിന്റെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാമാണ് ? | (എ)<br>&<br>(ബി) | കായിക താരങ്ങളെ സഹായിക്കുന്നതുൾപ്പെടെയുള്ള സ്പോർട്സിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് ഡെവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഫണ്ടിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. മറ്റു സ്രോതസ്സുകളിൽ നിന്നും തുക സ്വരൂപിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്തു വരുന്നു.<br>ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും തുക ലാപ്സാകാതിരിക്കുന്നതിനുമായി നിയമാനുസൃതമായി ഒരു ബോർഡ്/ സൊസൈറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 342

20.07.2011-ൽ മറുപടിക്ക്.

### നിക്ഷേപ സൗഹൃദ സംസ്ഥാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന് ലോകത്തിനു മുമ്പിൽ കാട്ടിക്കൊടുക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ വ്യക്തമായ നടപടികൾ എടുത്തുവരികയാണ്. ഇതിന് ആവശ്യമായ വ്യവസായ, ഐ.ടി നയങ്ങൾ രൂപീകരിച്ചു-വരികയാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക മേഖല (SEZ) നയം കേന്ദ്ര സർക്കാരിന്റെ നയവുമായി ഏകോപിപ്പിക്കാ-നുള്ള ശ്രമം നടന്നുവരികയാണ്.<br><br>ഇന്ത്യയ്ക്കകത്തും പുറത്തും ഐ.ടി, ടൂറിസം, എഡ്യൂക്കേഷൻ, ഹെൽത്ത് കെയർ മേഖലയിലെ നിക്ഷേപകരുമായി മുഖ്യമന്ത്രി - മന്ത്രിതല സംഗമങ്ങൾ നടത്താനുള്ള പദ്ധതി ആവിഷ്കരിച്ചുവരികയാണ്.<br><br>സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ-ക്കുറിച്ച് വിവിധ രാജ്യങ്ങളിലെ അംബാസിഡർമാർ, ഹൈക്കമ്മീഷണർമാർ എന്നിവരുമായി ഡൽഹിയിൽ ചർച്ചകൾ നടത്താനും ആലോചിക്കുന്നുണ്ട്. |
| (ബി) ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിലേക്കായി നിക്ഷേപക സംഗമം നടത്തുന്ന കാര്യം പരിഗണിക്കുമോ ? | (ബി) ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി '**എമർജിംഗ് കേരള**' എന്ന നിക്ഷേപക സംഗമം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട  20.7.2011 ൽ

ചോദ്യം നമ്പർ. T.343  മറുപടിയ്ക്ക്

## കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

**ചോദ്യം**
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. പി.കെ. ഗുരുദാസൻ
" സി. കൃഷ്ണൻ
" ബി.ഡി. ദേവസ്സി

**ഉത്തരം**
ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ വിശദീകരിക്കുമോ;

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഇപ്പോൾ പൊതു അവധി ദിനങ്ങൾ ഒഴികെ എല്ലാ ദിവസവും ജോലി നൽകി വരുന്നു. ഗവൺമെന്റ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ നൽകുന്നതിനാൽ പ്രൈവറ്റ് മേഖലയിലെ തൊഴിലാളികൾക്കും അതു നൽകുവാൻ നിർബന്ധിതമാകുന്നു. അങ്ങനെ വ്യവസായത്തിൽ ഒരു നല്ല അന്തരീക്ഷം സംജാതമായിട്ടുണ്ട്. കൂടുതൽ തോട്ടണ്ടി ലഭ്യമാക്കി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള ശ്രമത്തിലാണ് കോർപ്പറേഷൻ.

കശുവണ്ടി വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും തുടർച്ചയായി തൊഴിൽ ദിനങ്ങൾ നൽകാനാണ് കാപെക്സ് ലക്ഷ്യമിടുന്നത്. തോട്ടണ്ടിയുടെ വില കുറഞ്ഞ് നിൽക്കുന്ന അവസരങ്ങളിൽ കൂടുതൽ തോട്ടണ്ടി സംഭരിക്കുവാൻ കാപെക്സ് ലക്ഷ്യമിടുന്നത്. തൊഴിലാളികളുടെ എണ്ണത്തിൽ കുറവ് വരാതെ ഉല്പാദനം വർദ്ധിപ്പിച്ച് കൊണ്ട് കട്ടിംഗ് മെഷീൻ, ആട്ടോമാറ്റിക് പീലിംഗ് മെഷീൻ, ആട്ടോമാറ്റിക് കളർ സോർട്ടർ മെഷീൻ എന്നിവ ഘട്ടം ഘട്ടമായി വാങ്ങുവാൻ കാപെക്സ് ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | കെ.എസ്.സി.ഡി.സി., കാപെക്സ് എന്നീ സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ വീതം ജോലി ചെയ്തുവരുന്നു; മുൻ വർഷത്തിൽ ഈ സ്ഥാപനങ്ങളിൽ നൽകിയ തൊഴിൽ ദിനങ്ങൾ എത്രയായിരുന്നു ? | (ബി) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ 18205 പേർ ജോലി ചെയ്ത് വരുന്നു. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 2009-10 സാമ്പത്തിക വർഷം 284 ദിവസത്തേയും 2010-11 സാമ്പത്തിക വർഷം 282 ദിവസത്തേയും 2011-12 സാമ്പത്തിക വർഷം നാളിതു വരെ 85 ദിവസത്തെയും തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്.<br>കാപെക്സിന്റെ 10 ഫാക്ടറികളിലുമായി 6300 തൊഴിലാളികൾ ജോലി ചെയ്ത് വരുന്നു. കാപെക്സിലെ തൊഴിലാളികൾക്ക് 2009- ൽ 214 ദിവസത്തേയും, 2010-ൽ 260 ദിവസത്തേയും, 2011-ൽ 13/7/2011- വരെ 125 ദിവസത്തേയും തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.344 20-7-2011-ന് മറുപടിക്ക്

മാലിന്യ നിർമ്മാർജ്ജന സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഗീതാ ഗോപി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിൽ ഡ്രെയിനേജ് സംവിധാനം, മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ, ശ്മശാനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | എ) ജന സംഖ്യ കൂടുതലുള്ളതും നഗര സ്വഭാവമുള്ളതുമായ ഗ്രാമ പഞ്ചായത്തുകളിൽ ഖര മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2008-09, 2009-10 എന്നീ സാമ്പത്തിക വർഷങ്ങളിലായി 225 നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത് അവയ്ക്ക് അനുയോജ്യ പദ്ധതി രൂപ രേഖ തയ്യാറാക്കാനും ഭാഗീയ സാമ്പത്തിക സഹായം നൽകാനും നടപടി എടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 146 ഗ്രാമ പഞ്ചായത്തുകൾ ഖര മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി തയ്യാറാക്കുകയും ഇതിൽ 102 ഗ്രാമ പഞ്ചായത്തുകൾക്ക് ഭാഗീയ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഈ വർഷം 100 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവയ്ക്ക് പരിശീലനം നൽകി പദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഇത്തരത്തിൽ പദ്ധതി |

രൂപരേഖ തയ്യാറാക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് പദ്ധതി തുകയുടെ 60% അല്ലെങ്കിൽ 7.50 ലക്ഷം രൂപയും കൂടാതെ ആശുപത്രി, സ്കൂൾ, ചന്ത, തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് മൂലധന ചെലവിന്റെ 75% പരമാവധി 4 ലക്ഷം രൂപ ലഭ്യമാക്കാനും നടപടി കൈക്കൊണ്ടിട്ടുണ്ട്. ഗാർഹിക തലത്തിൽ ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി കമ്പോസ്റ്റ് യൂണിറ്റുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സബ്സിഡി നൽകിവരുന്നുണ്ട്.

11-ാം പഞ്ചവത്സര പദ്ധതി രൂപീകരണ ത്തിനായി 14-5-07 ൽ പുറപ്പെടുവിച്ച സ.ഉ.(എം.എസ്)128/07/തസ്വഭവ മാർഗ്ഗ നിർദ്ദേശങ്ങളിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ശ്മശാന നിർമ്മാണം ഏറ്റെടുക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു.

മതിയായ സ്ഥല സൗകര്യം ലഭ്യമല്ലാത്തതും പൊതുജനങ്ങളുടെ എതിർപ്പും കാരണമാണ് പല ഗ്രാമപഞ്ചായത്തുകൾക്കും പൊതു ശ്മശാനം സ്ഥാപിക്കാൻ കഴിയാതെ വരുന്നത്. 2011-12 വർഷം 50 ഗ്രാമപഞ്ചായത്തുകൾക്കായി 10 ലക്ഷം രൂപ വീതം നൽകുന്നതിനായി 5 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തുകളിൽ ഡ്രെയിനേജ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച പദ്ധതികളൊന്നും നിലവിലില്ല.

| | | | |
|---|---|---|---|
| ബി) | ജനസംഖ്യാനുപാതം കണക്കിലെടുത്ത് പ്രസ്തുത സംവിധാനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ട എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) | ഖര മാലിന്യ പരിപാലനത്തിന് പ്രോജക്ട് തയ്യാറാക്കാൻ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത് ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് നഗരങ്ങളോടും പട്ടണങ്ങളോടും അടുത്തു സ്ഥിതിചെയ്യുന്ന പഞ്ചായത്തുകളെയാണ് ഇതിനായി പ്രഥമ പരിഗണന നൽകിവരുന്നത്, നഗര സ്വഭാവമുള്ള പഞ്ചായത്തുകളിൽ കൂടുതൽ മാലിന്യം ഉണ്ടാകുന്നത് പ്രശ്നം രൂക്ഷമാകുമെന്നത് കൊണ്ടാണ് ഈ രീതി പിൻതുടരുന്നത്. 2008-09. 2009-10 സാമ്പത്തിക വർഷങ്ങളിലായി ഇത്തരത്തിലുള്ള 225 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 100 ഗ്രാമപഞ്ചായത്തുകളെക്കൂടി ഖര മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുകൂടാതെ സന്നദ്ധമായി മുന്നോട്ടുവരുന്ന മറ്റ് പഞ്ചായത്തുകളിലും പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് 471 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ നിർമ്മിക്കേണ്ടതുണ്ട് പൊതുശ്മശാനമില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അവ നിർമ്മിക്കുന്നതിന് 2008-09 വർഷം മുതൽ സർക്കാർ ധനസഹായം നൽകുന്നുണ്ട്. 2008-09 |

| | | |
|---|---|---|
| | | വർഷത്തിൽ ശ്മശാനം നിർമ്മിക്കുന്നതിന് 20 ഗ്രാമപഞ്ചായത്തുകൾക്കും 2009-10 വർഷത്തിൽ 17 ഗ്രാമ പഞ്ചായത്തുകൾക്കും 2010-11 വർഷത്തിൽ 51 ഗ്രാമപഞ്ചായ ത്തുകൾക്കും സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2011-12 വർഷം ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) | പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം, അവ ഏതെല്ലാം? | സി) നിലവിലുള്ള പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

5050/ര2/11/ഊ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 345 20.07.2011 ൽ മറുപടിയ്ക്ക്

ഊർജ്ജോൽപ്പാദനത്തിൽ സ്വയംപര്യാപ്തത

ചോദ്യം

ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. വർക്കല കഹാർ
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. ഷാഫി പറമ്പിൽ

എ. ഊർജ്ജോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

എ. ഊർജ്ജോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

1. നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ;

| | | |
|---|---|---|
| പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW | 153.9 MU |
| തോട്ടിയാർ HEP | 40 MW | 99 MU |
| ചെങ്കുളം ഓഗ് മെന്റേഷൻ പദ്ധതി | | 85 MU |
| റാന്നി-പെരുനാട് SHEP | 4 MW | 16.73 MU |
| പീച്ചി SHEP | 1.25 MW | 3.3 MU |
| ചാത്തൻകോട്ടുനട II SHEP | 6 MW | 14.76 MU |
| വിലങ്ങാട് SHEP | 7.5 MW | 23.63 MU |
| ബാരാപ്പോൾ SHEP | 15 MW | 36 MU |
| കക്കയം SHEP | 3 MW | 10.39 MU |
| ആകെ | 136.75MW | 442.71MU |

2. വർക്ക് അവാർഡ് ചെയ്യുതും, നിർമ്മാണം ഉടൻ ആരംഭിക്കുന്നതുമായ പദ്ധതികൾ

| | | |
|---|---|---|
| പെരുന്തേനരുവി SHEP | 6 MW | 25.76 MU |
| ആനക്കയം SHEP | 7.5 MW | 22.83 MU |
| ചിമ്മിനി SHEP | 2.5MW | 6.7 MU |
| ആകെ | 16MW | 55.29 MU |

3. ടെണ്ടർ ചെയ്ത പദ്ധതികൾ

| | | |
|---|---|---|
| മാങ്കുളം HEP | 40 MW | 82 MU |
| വെള്ളത്തൂവൽ SHEP | 3.6 MW | 12.17 MU |
| പൊരിങ്ങൽക്കുത്ത് SHEP | 24 MW | 42.05 MU |
| ആഡ്യൻപാറ SHEP | 3.5 MW | 9.01 MU |
| ആകെ | 71.1 MW | 145.23 MU |

4. 2011-2012 ൽ ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| ഒലിക്കൽ SHEP | 4.5 MW | 10.18 MU |
| പൂവാരംതോട് SHEP | 2.7 MW | 5.88 MU |
| ചെമ്പുകടവ് III SHEP | 6 MW | 14.92 MU |
| പെരുവണ്ണാമൂഴി SHEP | 6 MW | 24.7 MU |
| അപ്പർ കല്ലാർ SHEP | 2 MW. | 5.15 MU |
| ആകെ | 21.2 MW | 60.83 MU |

5. 2012-2013 ൽ ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| പീച്ചാട് | 3 MW | |
| വെസ്റ്റേൺ കല്ലാർ | 5 MW | |
| ചിന്നാർ | 24 MW | |
| പഴശ്ശിസാഗർ | 1.5 MW | |
| ലാഡ്രം | 3.5 MW | |
| അപ്പർ ചെങ്കുളം | 24 MW | ഈ പദ്ധതികളുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു. ഡി.പി.ആർ-ഉം തയ്യാറാക്കി വരുന്നു. |
| മാർമല | 7 MW | |
| ചാത്തൻകോട്ടുനട | 4.5 MW | |
| ആകെ | 86 MW | |

പ്രകൃതി വാതകം ഇന്ധനമായി, ബ്രഹ്മപുരത്ത്

1026 MW ന്റെ കംബൈൻഡ് സൈക്കിൾ പവർപ്ലാന്റ്, കെ.എസ്.ഇ.ബി യുടേയും, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും സംയുക്ത സംരംഭമായി കാസർഗോഡ് ചീമേനിയിൽ 1200 MW ശേഷിയുള്ള വാതകാധിഷ്ഠിത താപനിലയം എന്നിവയെ സംബന്ധിച്ച് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സ്വകാര്യപങ്കാളിത്തത്തോടുകൂടി ചെറുകിടജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആസൂത്രണം ചെയ്തിട്ടുണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി അഗളിയിലും, രാമക്കൽമേടിലും സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിൻഡ്ഫാം നടപ്പിലാക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. പൊരിങ്ങൽകുത്ത്, ഷോളയാർ എന്നീ നിലയങ്ങളിലെ നവീകരണ/ശേഷിവർദ്ധന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ ഇടുക്കി ഒന്നാംഘട്ടം, കുറ്റ്യാടി ഒന്നാംഘട്ടം എന്നീ നിലയങ്ങളിലെ നവീകരണ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. ANERT മുഖേന പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാദ്ധ്യതകൂടി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| ബി. ഇതിനായി മറ്റ് ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തി വൈദ്യുതോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി. & സി. മറ്റ് ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തി വൈദ്യുതോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലവൈദ്യുത പദ്ധതികൾക്കു പുറമെ കാറ്റ്, സൗരോർജ്ജം ജൈവാവശിഷ്ടങ്ങൾ, ചെറിയവെള്ളച്ചാട്ടങ്ങൾ എന്നീ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് സർക്കാരിന്റെ നയം. കൂടാതെ താപ വൈദ്യുത പദ്ധതികൾ എൽ.എൻ.ജി ഇന്ധനമായി ഉപയോഗിച്ച് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. |
| സി. എങ്കിൽ ഏതൊക്കെ സ്രോതസ്സുകളിലാണ് വൈദ്യുതി ഉല്പാദനം നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 346

20.7.2011 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് ;<br>ശ്രീ. എസ്. ശർമ്മ ;<br>ശ്രീ. സാജു പോൾ ;<br>ശ്രീ. എ.കെ. ബാലൻ ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) സ്മാർട്ട്സിറ്റി പദ്ധതിക്ക് വേണ്ടി കൂടുതൽ സ്ഥലം അക്വയർ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ ; ഇതിനകം അക്വയർ ചെയ്തതെത്ര ; ടീകോം കമ്പനിക്ക് എത്ര സ്ഥലം കൂടുതലായി നൽകാനുദ്ദേശിക്കുന്നു ; വിശദമാക്കമോ ; | എ) സ്മാർട്ട്സിറ്റി പദ്ധതിക്ക വേണ്ടി കേരള സർക്കാരും ടീകോമും തമ്മിൽ ഒപ്പുവച്ച പാട്ടക്കരാർ അനുസരിച്ച് 246 ഏക്കർ ഭൂമി കൈമാറി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് കൂടാതെ സ്മാർട്ട്സിറ്റിയോട് ചേർന്നുകിടക്കുന്ന കിൻഫ്രയുടെ 4 ഏക്കർ ഭൂമി കൂടി വിലയ്ക്കു നല്കുന്നതിനും PWD Road നോട് ചേർന്നുകിടക്കുന്ന 19 സെന്റ് സ്ഥലം കൂടി നല്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിന്റെ എത്ര സ്ഥലം വിട്ടുതന്നിട്ടുണ്ട് ; | ബി) 100.65 ഏക്കർ ഭൂമി. |
| സി) സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ച വ്യവസ്ഥ എന്തായിരുന്നു ; | സി) സർക്കാർ നിശ്ചയിക്കുന്ന വില KSEB ക്ക് പിന്നീട് നല്കുമെന്നും ലാന്റ് അക്വിസിഷൻ അപ്പീൽ കേസ്സുകളിൽ കൊടുക്കേണ്ടിവരുന്ന അധിക നഷ്ടപരിഹാര തുക റവന്യൂ വകുപ്പ് നല്കണമെന്നുള്ളതുമാണ് ഊർജ്ജ വകുപ്പിന്റെ വ്യവസ്ഥ. |
| ഡി) കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട പ്രതിഫല തുക എത്രയായിരുന്നു ; സർക്കാർ തീരുമാനിച്ച തുകയെത്ര ; ഇതിനകം കെ.എസ്.ഇ.ബി. യ്ക്ക് എന്തു തുക നൽകുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ? | ഡി) പ്രസ്തുത ഭൂമിക്ക് ആ പ്രദേശത്തെ നിലവിലുള്ള മാർക്കറ്റ് വില നല്കണമെന്നാണ് KSEB ആവശ്യപ്പെട്ടത്. എറണാകുളം ജില്ലാ കളക്ടർ നിശ്ചയിച്ച വിലയായ 7.57 കോടി രൂപയാണ് നല്കുവാൻ സർക്കാർ തീരുമാനിച്ചത്. തുകയൊന്നും നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 347 — 20-07-2011-ൽ മറുപടിയ്ക്ക്

## കായികക്ഷമതാ പദ്ധതി വിജയിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. ബേബി:<br>ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. വി. ചെന്താമരാക്ഷൻ: | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ)<br>കായിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട്, കായികക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കാൻ സ്വീകരിച്ച നടപടികൾക്ക് തുടർച്ച ഉറപ്പാക്കുമോ; | (എ)<br>സംസ്ഥാനത്ത് ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒന്നാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികളെയാണ് ആരോഗ്യകായിക വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനുള്ള പരിശീലനം കേരളത്തിലെ എല്ലാ കായിക അദ്ധ്യാപകർക്കും നൽകിയിട്ടുണ്ട്.<br>ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി ഈ അദ്ധ്യയന വർഷം മുതൽ കരിക്കുലത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇതിന്റെ കാര്യക്ഷമമായ നടത്തിപ്പ് നിരീക്ഷിക്കുന്നതിനായി സംസ്ഥാന ജില്ലാ കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്.<br>സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയുടെ ഭാഗമായ കായിക ക്ഷമതാ പരിശോധന ആരോഗ്യ കായിക വിദ്യാഭ്യാസ കരിക്കുലത്തിന്റെ ഭാഗമാക്കിയതിനാൽ 100 ശതമാനം കുട്ടികളെയും പരിശോധനയിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരിശോധനയിൽ ശരാശരി നിലവാരത്തിലും കുറഞ്ഞ |

കായിക ക്ഷമതാ പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി കായികക്ഷമതാ നിലവാരം വർദ്ധിപ്പിക്കുന്നതാണ്.

നീന്തൽ അറിയുന്നവർക്ക് ഇൻഡക്സ് മാർക്ക് നൽകുന്ന മാതൃകയിൽ ഉന്നത കായിക ക്ഷമതാ നിലവാരം പുലർത്തുന്ന കുട്ടികൾക്കും ഗ്രേസ് മാർക്ക് നൽകുന്ന കാര്യം വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ചു വരുന്നു.

കായിക ക്ഷമതാ പരിശോധനയിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികളെ സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലുകളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രത്യേകം പരിഗണിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

കായിക ക്ഷമതാ പരിശോധനയിൽ +2 തലം വരെയുള്ള കുട്ടികളെയും മറ്റു സിലബസിൽ ഉള്ള കുട്ടികളേയും പങ്കെടുപ്പിക്കുന്നതാണ്.

കൂടാതെ കായികക്ഷമതാ പദ്ധതിക്ക് സ്പോൺസറെ കണ്ടെത്തുന്നതിനും വിപുലമായ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി)

തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കായികക്ഷമതാ പദ്ധതി

(ബി)

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനായി ഒരു ഉന്നതതല യോഗം സർക്കാർതലത്തിൽ വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| വിജയിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.348 — 20.07.2011ൽ മറുപടിയ്ക്ക്

<u>അന്യസംസ്ഥാന ഭിക്ഷാടന സംഘങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ:<br>ശ്രീ.ഇ.ചന്ദ്രശേഖരൻ:<br>ശ്രീ.കെ.രാജു:<br>ശ്രീ.പി.തിലോത്തമൻ: | ഡോ.എം.കെ.മുനീർ,<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)<br>മുതിർന്നവരും കുട്ടികളുമടങ്ങുന്ന അന്യ സംസ്ഥാന ഭിക്ഷാടന സംഘങ്ങൾ സംസ്ഥാനത്തുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)<br>എങ്കിൽ മിക്ക ജില്ലകളിലും പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങളെ കുറിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി)<br>ഇത്തരം സംഭവങ്ങൾ തടയുന്നതിനായി ആഭ്യന്തര വകുപ്പിന്റെ ആഭിമുഖ്യത്തിൽ **Anti Human Trafficking Units** - എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. ഭിക്ഷാടനങ്ങൾക്കായി കുട്ടികളെയും, സ്ത്രീകളെയും, മുതിർന്നവരെയും കടത്തുന്നത് രഹസ്യമായി നിരീക്ഷിക്കുവാനും കണ്ടെത്തുവാനും തടയുവാനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പുമായി സഹകരിച്ച് ഇത്തരത്തിലുള്ള സംഭവങ്ങൾ തടഞ്ഞു വരുന്നു. |

| | |
|---|---|
| (സി)<br>അന്യ സംസ്ഥാന ഭിക്ഷാടന സംഘങ്ങൾക്ക് നമ്മുടെ സംസ്ഥാനത്തെ ഭിക്ഷാടന സംഘങ്ങളുമായി എന്തെങ്കിലും ബന്ധമുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; ഇത്തരം ഭിക്ഷാടന സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി)<br>അന്യസംസ്ഥാന ഭിക്ഷാടന സംഘങ്ങൾക്ക് സംസ്ഥാനത്തെ ഭിക്ഷാടന സംഘങ്ങളുമായി ബന്ധമുള്ളതായി വിവരം ലഭിച്ചിട്ടില്ല. |

R. Vijayan

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.349 20-7-2011-ന് മറുപടിക്ക്

കേരള സുസ്ഥിര നഗര വികസന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.എ.എം.ആരിഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) വിദേശ ധനസഹായത്തോടെ നടപ്പാക്കുന്ന കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | എ) വിദേശ ധനസഹായത്തോടെ (എ.ഡി.ബി) നടപ്പാക്കുന്ന കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി.) 2007 മാർച്ചിലാണ് തുടങ്ങിയത്. ആകെ 91 പാക്കേജുകളിൽ 19 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 314 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. |
| ബി) പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ഇനിയും എത്ര സമയം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്; | ബി) 2012 ജൂൺ 30 വരെയാണ് പദ്ധതിയുടെ കാലാവധി. എങ്കിലും 2014-ൽ മാത്രമേ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |
| സി) നഗരങ്ങളുടെ പുതിയ വികസന പദ്ധതികൾക്ക് കൂടുതൽ വിദേശ ധനസഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) ഉണ്ട്. |
| ഡി) എങ്കിൽ പുതിയ വികസന പദ്ധതികളുടെ ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ഡി) 200 മില്യൺ യു.എസ്.ഡോളറിന്റെ വായ്പാകരാറിനായി ലോകബാങ്കുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിലെ 978 |

ഗ്രാമപഞ്ചായത്തുകൾക്കും 60 മുനിസിപ്പാലിറ്റികൾക്കും ഈ പദ്ധതിയിലൂടെ സേവനപ്രദാനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ആസ്തികളുടെ സൃഷ്ടി, ആസ്തികളുടെ മെയിന്റനൻസ് എന്നിവയ്ക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവര ശേഖരം പൂർണ്ണമാക്കി ധനകാര്യ കമ്മീഷനുകൾക്കും ആസൂത്രണ പ്രക്രിയകൾക്കും ആവശ്യമായ പഠനങ്ങൾക്ക് ഉപയുക്തമാക്കുകയും ചെയ്യുക എന്നീ ആവശ്യങ്ങൾക്കാണ് ഈ സഹായം ഉപയോഗിക്കുന്നത്.

(signature)
സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 350     20.07.2011 ൽ മറുപടിയ്ക്ക്

ചീമേനി വൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. നിർദ്ദിഷ്ട ചീമേനി വൈദ്യുത പദ്ധതിയെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; | എ. ഉണ്ട്. |
| ബി. എങ്കിൽ പ്രസ്തുത വിലയിരുത്തലിന്റെ വിശദവിവരം ലഭ്യമാക്കുമോ ; | ബി. സമഗ്രമായ വിലയിരുത്തൽ ഉൾക്കൊള്ളുന്ന DPR, Tata Consultancy Engineers മുഖേന KSIDC തയ്യാറാക്കിയിട്ടുണ്ട്.<br>പ്രകൃതിവാതകമാണ് ഇന്ധനമായി നിശ്ചയിച്ചിരിക്കുന്നത്.<br>കേന്ദ്രസർക്കാരിന്റെ വാതകവിതരണ പോളിസി അനുസരിച്ചുള്ള 60% പ്രകൃതി വാതകം കേന്ദ്ര സർക്കാരിൽ നിന്നും, ബാക്കി കൊച്ചി എൽ.എൻ.ജി. ടെർമിനൽ വഴി ഇറക്കുമതി ചെയ്യുന്ന ബാഷ്പീകരിച്ച വാതകവും ആകുന്നു.<br>പദ്ധതിയുടെ വിശദമായ റിപ്പോർട്ട് പ്രകാരം :<br>• ആഭ്യന്തരമായി ലഭ്യമാകുന്ന പ്രകൃതി വാതകം 6.5US$/MillionBtu എന്ന നിരക്കിൽ ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് 3 രൂപ 8 പൈസയും.<br>• ഇറക്കുമതി ചെയ്യുന്ന ബാഷ്പീകരിച്ച വാതകം 15US$/MillionBtu എന്ന നിരക്കിൽ 6 രൂപ 2 പൈസയും കണക്കാക്കിയിരിക്കുന്നു.<br>• ആഭ്യന്തരമായി ലഭ്യമാകുന്ന വാതകവും, ഇറക്കുമതിചെയ്യുന്ന വാതകവും 60:40 എന്ന അനുപാതത്തിൽ |

ഉപയോഗിക്കുകയാണെങ്കിൽ 4 രൂപ 27 പൈസയും ആകുമെന്ന് കണക്കാക്കിയിരിക്കുന്നു.

കൂടാതെ ക്ലീൻ ഡെവലപ്പ്മെന്റ് മെക്കാനിസം (സർട്ടിഫൈഡ് എമിഷൻ റിഡക്ഷൻ) മൂലം 10 പൈസയും വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങ് (VGF) ഗ്രാന്റ് മൂലം 10 പൈസയുടേയും കുറവ് പ്രതീക്ഷിക്കാം. ആഭ്യന്തരമായി ലഭിക്കുന്ന പ്രകൃതിവാതകം (കുറഞ്ഞത് 50-60%) കിട്ടിയെങ്കിൽ മാത്രമേ മിതമായ വിലയിൽ വൈദ്യുതി ഉല്പാദിപ്പിച്ച് പദ്ധതി വിജയപ്രദമാക്കാൻ സാധിക്കുകയുള്ളൂ. എങ്കിൽ മാത്രമേ കെ.എസ്.ഇ.ബി. ക്ക് നീണ്ട കാലാവധിയിൽ അനുകൂലമായ വിലയിൽ പവർ പർച്ചേസ് എഗ്രിമെന്റ് (PPA) ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

സി. ഈ പദ്ധതി നടപ്പാക്കിയാൽ ഉണ്ടാകാവുന്ന നേട്ടത്തെക്കുറിച്ച്, ആസൂത്രണം ചെയ്യുവരുടെ നിഗമനങ്ങളും ഉദ്ദേശ ലക്ഷ്യങ്ങളും എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കുമോ ;

സി. പദ്ധതി നിലവിൽവന്നാൽ ഉള്ള നേട്ടങ്ങളെ DPR ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന കേരളത്തിലെ വൈദ്യുത പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണാനും, വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തിന് സ്വയം പര്യാപ്തത ആർജിക്കാനും ഉപകരിക്കും. മാത്രമല്ല വിവിധ തരത്തിലുള്ള (ജലം, പ്രകൃതിവാതകം, കൽക്കരി, വായു, സൂര്യപ്രകാശം) പദ്ധതികൾ നിലവിൽ വരുന്നതുമൂലം പവർകട്ട് ഒഴിവാക്കാനും, വൈദ്യുതിയുടെ ഗുണ നിലവാരം നിലനിർത്താനും സാധിക്കും.

ഉയർന്ന തോതിൽ അവിചാരിതമായി ഉണ്ടാകുന്ന വൈദ്യുത ഉപഭോഗം നേരിടുന്നതിന് ഏറ്റവും അനുയോജ്യമാണ് ഈ പദ്ധതി. കൂടാതെ ജലവൈദ്യുത നിലയങ്ങളിലെ ജലം വേനൽക്കാലത്ത് കൂടുതലായി ഉപയോഗിക്കാനും തുടർന്ന് ഈ ജലം കാർഷിക വിളകൾക്ക്

അനുയോജ്യമായ വിധത്തിൽ വേനൽക്കാലത്ത് ജലവൈദ്യുത പദ്ധതികളെ ഉപയോഗപ്പെടുത്താൻ ഉപകരിക്കും. കേരളത്തിന്റെ പ്രത്യേകിച്ച് മലബാർ മേഖലയുടെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്കുള്ള പരിഹാരം കൂടിയാണ് ഈ പദ്ധതി.

പ്രത്യക്ഷമായും പരോക്ഷമായും ധാരാളം തൊഴിൽ അവസരങ്ങൾ ഉണ്ടാകും. തൊഴിൽ തേടി അന്യനാട്ടിലേയ്ക്ക് പോകുന്നവരുടെ എണ്ണം കുറയും. വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതരത്തിൽ ഉല്പാദനമേഖലകൾ വികസിപ്പിക്കുന്നതിനും, ക്ഷേമ പ്രവർത്തനങ്ങളുടെ അളവ് വർദ്ധിപ്പിക്കാനും, അവ കൂടുതൽ ജനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനും സാദ്ധ്യമാകും. നാട്ടിലെ ഉല്പന്നങ്ങളുടെ വിലകൂടുകയും, സർക്കാരിന് നികുതി വരുമാനവും ഉണ്ടാകുകയുംചെയ്യും. പ്രദേശത്തെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക സാഹചര്യങ്ങൾ മെച്ചപ്പെടും.

ഡി. പദ്ധതിയുടെ പ്രായോഗികത സംബന്ധിച്ച് വിദഗ്ദ്ധരുടെ അഭിപ്രായരൂപീകരണം നടത്തിയിരുന്നോ ; എങ്കിൽ വിശദവിവരം നൽകാമോ ;

ഡി. നടത്തിയിരുന്നു.

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻഡസ്ട്രീസ്), ചെയർമാൻ (കെ.എസ്.ഇ.ബി), പ്രിൻസിപ്പൽ സെക്രട്ടറി (പവർ), പ്രിൻസിപ്പൽ സെക്രട്ടറി (ഫൈനാൻസ്), മാനേജിങ് ഡയറക്ടർ (കെ.എസ്.ഐ.ഡി.സി), കാസർഗോഡ് ജില്ലാ കളക്ടർ, തുടങ്ങിയവർ അംഗങ്ങളായുള്ള വിദഗ്ദ്ധ സമിതി വിശദമായി പരിശോധിക്കുകയും, അവലോകനം നടത്തുകയും ചെയ്താണ് പദ്ധതിയ്ക്ക് രൂപം നൽകിയത്.

കൂടാതെ, പ്രകൃതി വാതകത്തെ അടിസ്ഥാനമാക്കിയുള്ള വൈദ്യുത ഉല്പാദന പദ്ധതികളെക്കുറിച്ച് ഇന്ത്യയ്ക്കകത്തും, പുറത്തുമുള്ള വിദഗ്ദ്ധരുടെ അഭിപ്രായ രൂപീകരണവും നടത്തിയിരുന്നു.

| | | |
|---|---|---|
| ഇ. | ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികളെക്കുറിച്ച് വിശദമാക്കുമോ ? | പദ്ധതിയ്ക്കായി ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന അർഹമായ പ്രകൃതി വാതകം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ അനുവദിച്ചു കിട്ടുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിൽ സമർദ്ദം ചെലുത്തുന്നുണ്ട്.<br>പദ്ധതിയ്ക്കാവശ്യമായ ഭൂമിയും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് വേണ്ട തുകയും അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 351 20.07.2011-ൽ മറുപടിയ്ക്ക്

## മൈസൂർ - കോഴിക്കോട് പവർഗ്രിഡ്ലൈൻ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :<br>ശ്രീ. കെ. എൻ. എ. ഖാദർ :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മൈസൂർ-കോഴിക്കോട് പവർഗ്രിഡ്ലൈൻ നിലവിൽ വരുമ്പോൾ സംസ്ഥാനത്തിന് പ്രത്യേകിച്ച് മലബാർ മേഖലയ്ക്ക് ഉണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; | (എ) കർണ്ണാടകയിലെ കൈഗ ആണവ നിലയത്തിൽ (880 MW) ഉത്പാദിപ്പിക്കുന്ന വൈദ്യുതി കൊണ്ടുവരുന്നതിനുവേണ്ടി പ്രാദേശിക വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായിട്ടാണ് 400 KV മൈസൂർ - അരീക്കോട് ലൈൻ നിർമ്മിക്കുന്നത്. മേൽപ്പറഞ്ഞ ആണവനിലയത്തിൽനിന്നും 73 MW വൈദ്യുതി വിഹിതം കേരളത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. നിലവിൽ വടക്കൻ കേരളത്തിൻെറ വൈദ്യുത ആവശ്യകത പ്രധാനമായും നിറവേറ്റുന്നത് മാടക്കത്തറ 400 KV സബ്സ്റ്റേഷൻ വഴിയാണ്. മൈസൂർ - അരീക്കോട് ലൈൻ പ്രവർത്തനക്ഷമമാകുന്നതോടെ വടക്കൻ മേഖലയിലെ പ്രസരണശൃംഖല കൂടുതൽ ശക്തിപ്പെടുകയും അതുവഴി ഊർജ്ജലഭ്യതയും വിശ്വാസ്യതയും വർദ്ധിക്കുകയും ചെയ്യും.<br>കൂടാതെ കേന്ദ്രനിലയങ്ങളിൽനിന്നും കേരളത്തിൻെറ വിഹിതം കൊണ്ടുവരുന്നതിന് തെക്കൻ സംസ്ഥാനങ്ങളിൽ 400 KV പ്രസരണശൃംഖലയിൽ ഇപ്പോൾ അനുഭവപ്പെട്ടുവരുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് മൈസൂർ - അരീക്കോട് ലൈൻ ഉപകരിക്കും. |

പ്രസ്തുത ലൈൻ നിലവിൽവരുമ്പോൾ മലബാർ മേഖലയിലെ വോൾട്ടേജ് ക്ഷാമവും വൈദ്യുതി ലഭ്യതക്കുറവും പരിഹരിക്കാൻ സാധിക്കും. വിലകൂടിയ Kozhikkode Diesel Power Plant, Kasargod Power Corporation Limited വൈദ്യുതി ഒഴിവാക്കാനും സാധിക്കും.

(ബി) ഈ ലൈനിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) മൈസൂർ - അരീക്കോട് ലൈനിന്റെ നിർമ്മാണം പവർഗ്രിഡ് കോർപ്പറേഷനാണ് (PGCIL) നടപ്പാക്കുന്നത്. ലൈനിന്റെ നിർമ്മാണം കൂർഗ് മേഖലയിൽ forest clearance ലഭിക്കാത്തതിനാലും കാപ്പി കർഷകരുടെ എതിർപ്പുമൂലവും തടസ്സപ്പെട്ടിരിക്കുകയാണ്.

(സി) ഈ പദ്ധതിയുടെ കാര്യത്തിൽ കർണ്ണാടക സർക്കാരിന്റെ ഭാഗത്തു നിന്നും നിസ്സഹകരണം ഉണ്ടായിട്ടുണ്ടോ ;

(സി) കർണ്ണാടക സർക്കാരിന്റെ ഭാഗത്തു നിന്നും ശക്തമായ ഇടപെടലുകളോ, പൂർണ്ണമായ സഹകരണമോ ഇല്ലെന്നാണ് പവർ ഗ്രിഡിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളത്. പക്ഷേ ഇപ്പോൾ അനുകൂലമായ സാഹചര്യം ഉണ്ടായിട്ടുണ്ട്.

(ഡി) എങ്കിൽ സഹകരണം നേടിയെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) ഈ ലൈനിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(ഡി) & (ഇ) ഉന്നതതലങ്ങളിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. സതേൺ റീജിയണൽ പവർ കമ്മിറ്റിയുടെ 2011 മേയിലെ പ്രോഗ്രസ് റിപ്പോർട്ടുപ്രകാരം പ്രശ്നങ്ങൾ ഊർജ്ജ കാര്യാലയത്തിന്റെയും കർണ്ണാടക സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 352 — 20-7-2011 —ൽ മറുപടിക്ക്

പുതിയ വ്യവസായ പാർക്കുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്; | (എ) സംസ്ഥാനത്ത് ഇപ്പോൾ 68 വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) എല്ലാ നിയോജക-മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ എന്നതിന്റെ അടിസ്ഥാനത്തിൽ എത്ര ഇടങ്ങളിൽ പാർക്കുകൾ സ്ഥാപിച്ചു; ഇനി എത്ര ഇടങ്ങളിൽ സ്ഥാപിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;<br><br>(സി) പുതുതായി വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ? | (ബി) & (സി)<br>ഓരോ നിയോജക മണ്ഡലത്തിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുക എന്നത് ഈ സർക്കാരിന്റെ നയമല്ല. എന്നാൽ ഭൂമി, അനുബന്ധ വിഭവങ്ങൾ എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. കൂടാതെ നിയോജകമണ്ഡലങ്ങളിൽ വ്യവസായ പാർക്കുകൾ എന്നതിന്റെ അടിസ്ഥാനത്തിൽ ചേലക്കര,ചിറയിൻകീഴ്, പിറവം,മലമ്പുഴ, കുറ്റ്യാടി എന്നീ നിയോജകമണ്ഡലങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. പല നിയോജകമണ്ഡലങ്ങളിലും കിൻഫ്ര, കെ.എസ്.ഐ.ഡി.സി. വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഡെവലപ്മെന്റ് പ്ലോട്ടുകളും, വികസന ഏരിയകളും, കേരള സംസ്ഥാന ചെറുകിട വ്യവസായ കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ പാർക്കുകളും സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## I വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

തിരുവനന്തപുരം

1. ഡെവലപ്മെന്റ് ഏരിയ വേളി
2. ഡെവലപ്മെന്റ് പ്ലോട്ട് മൺവിള

കൊല്ലം

3. ഡെവലപ്മെന്റ് പ്ലോട്ട് മുണ്ടയ്ക്കൽ
4. ഡെവലപ്മെന്റ് പ്ലോട്ട് ചാത്തന്നൂർ

പത്തനംതിട്ട

5. ഡെവലപ്മെന്റ് പ്ലോട്ട് കുന്നന്താനം

ആലപ്പുഴ

6. ഡെവലപ്മെന്റ് ഏരിയ, കൊല്ലകടവ്
7. ഡെവലപ്മെന്റ് പ്ലോട്ട്, ചെങ്ങന്നൂർ
8. ഡെവലപ്മെന്റ് ഏരിയ, പുന്നപ്ര
9. കയർ പാർക്ക് 1 ചേർത്തല
10. കയർ പാർക്ക് - 2, ചേർത്തല
11. CIE. അരൂർ
12. ഡെവലപ്മെന്റ് ഏരിയ, അരൂർ

കോട്ടയം

13. ഡെവലപ്മെന്റ് പ്ലോട്ട് പൂവൻതുരുത്ത്
14. ഡെവലപ്മെന്റ് പ്ലോട്ട് അതിരമ്പുഴ
15. ഡെവലപ്മെന്റ് പ്ലോട്ട് വൈക്കം

ഇടുക്കി

16. ഡെവലപ്മെന്റ് പ്ലോട്ട്, മുട്ടം

എറണാകുളം

17. ഡെവലപ്മെന്റ് ഏരിയ, ആലുവ
18. ഡെവലപ്മെന്റ് ഏരിയ, ഇടയാർ
19. ഡെവലപ്മെന്റ് ഏരിയ, അങ്കമാലി
20. ഡെവലപ്മെന്റ് ഏരിയ, വാഴക്കുളം
21. ഡെവലപ്മെന്റ് പ്ലോട്ട്, അങ്കമാലി
22. ഡെവലപ്മെന്റ് പ്ലോട്ട്, കളമശ്ശേരി

തൃശ്ശൂർ

23. അത്താണി

24.കുന്നംകുളം

25.അയ്യൻകുന്ന്

26. വേളക്കോട്

27. പുഴക്കൽപാടം

കോഴിക്കോട്

28.ഡെവലപ്മെന്റ് പ്ലോട്ട്, വെസ്റ്റ്ഹിൽ

പാലക്കാട്

29. പുതുശ്ശേരി

30. കഞ്ചിക്കോട് NIDA

31. ഡെവലപ്മെന്റ് പ്ലോട്ട്, കാപ്പൂർ

32. ഡെവലപ്മെന്റ് പ്ലോട്ട്, ഷൊർണ്ണൂർ

33. കഞ്ചിക്കോട് (W)

മലപ്പുറം

34. FIE മഞ്ചേരി

കണ്ണൂർ

35. ഡെവലപ്മെന്റ് പ്ലോട്ട്, ആണ്ടൂർ - 1

36. ഡെവലപ്മെന്റ് പ്ലോട്ട്, ആണ്ടൂർ - 2

കാസറഗോഡ്

37. ഡെവലപ്മെന്റ് പ്ലോട്ട്, അനന്തപുരം.

38. ഡെവലപ്മെന്റ് ഏരിയ്, അനന്തപുരം

39. ചട്ടൻചാൽ

II സിഡ്കോ

1. മുടാടി

2. തിരുവാർപ്പ്

3. ചേലക്കര

4. അത്താണി

5. അങ്കമാലി

6. ഷൊർണ്ണൂർ

7. കുന്നന്താനം.

III <u>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ</u>

1. വലിയവെളിച്ചം (കണ്ണൂർ)

2. കിനാലൂർ (കോഴിക്കോട്)

3. പാണക്കാട് (മലപ്പുറം)

4. പള്ളിപ്പുറം (ചേർത്തല, ആലപ്പുഴ)

IV <u>കിൻഫ്ര</u>

| | | നിയോജകമണ്ഡലം |
|---|---|---|
| 1. | കിൻഫ്ര അപ്പാരൽ പാർക്ക്, തുമ്പ, തിരുവനന്തപുരം | ചിറയിൻകീഴ് |
| 2. | കിൻഫ്ര വ്യവസായ പാർക്ക്, തുമ്പ, തിരുവനന്തപുരം | |
| 3. | കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം | കഴക്കൂട്ടം |
| 4. | കിൻഫ്ര വ്യവസായ പാർക്ക്, എളമണ്ണൂർ, അടൂർ | കോന്നി |
| 5. | കിൻഫ്ര വ്യവസായ പാർക്ക്, കുന്നന്താനം, പത്തനംതിട്ട | തിരുവല്ല. |
| 6. | കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്, എറണാകുളം | തൃക്കാക്കര |
| 7. | കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളം | കളമശ്ശേരി |
| 8. | കിൻഫ്ര വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം | മൂവാറ്റുപുഴ |
| 9. | കിൻഫ്ര വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ | ചാലക്കുടി |
| 10 | കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടെക്സ്റ്റൈൽ പാർക്ക്, പാലക്കാട് | മലമ്പുഴ |
| 11. | കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം | വള്ളിക്കുന്ന് |
| 12. | കിൻഫ്ര നിയോ സ്പേസ്, കാക്കഞ്ചേരി, മലപ്പുറം | വള്ളിക്കുന്ന് |
| 13. | കിൻഫ്ര വ്യവസായ പാർക്ക്, വയനാട് | കൽപ്പറ്റ |
| 14. | കിൻഫ്ര വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ | തലശ്ശേരി |
| 15. | കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ | തളിപ്പറമ്പ് |
| 16. | കിൻഫ്ര വ്യവസായ പാർക്ക്, സീതംഗോലി, കാസറഗോഡ് | മഞ്ചേശ്വരം, കാസറഗോഡ് |
| 17. | റബ്ബർ പാർക്ക്, ഐരാപുരം, എറണാകുളം (റബ്ബർ ബോർഡും കിൻഫ്രയുമായുള്ള സംയുക്ത സംരംഭം) | കുന്നത്തുനാട് |
| 18. | സീ ഫുഡ് പാർക്ക്, അരൂർ, ആലപ്പുഴ (MPEDA) യും കിൻഫ്രയുമായുള്ള സംയുക്ത സംരംഭം) | അരൂർ |

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 353 | 20-07-2011-ൽ മറുപടിക്ക്

## വൈദ്യുതോർജ്ജ സംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>,, റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സംവിധാനങ്ങളിൽ പാഴായി പോകുന്ന വൈദ്യുതോർജ്ജം സംരക്ഷിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക വിദ്യ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിച്ചാൽ പാഴായിപോകുന്ന വൈദ്യുതോർജ്ജം സംരക്ഷിക്കാൻ കഴിയും. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി വിവിധ വൈദ്യുത ഉപകരണങ്ങൾക്ക്, ഊർജ്ജക്ഷമത അടിസ്ഥാനമാക്കി, നക്ഷത്രചിഹ്നം നല്കുന്ന സമ്പ്രദായം നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം സാങ്കേതിക വിദ്യ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കുന്ന സംരംഭകർക്കും വ്യക്തികൾക്കും അംഗീകാരം നൽകുന്നതിനും പ്രോത്സാഹനം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | (ബി) | സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 354 20.07.2011 ൽ മറുപടിയ്ക്ക്

സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ. എ. അസീസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

എ. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

എ. ഉണ്ട്. സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ വൈദ്യുതി ഉല്പാദനം നടത്തുന്ന ചെറുകിട ജല വൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്.

| | പദ്ധതി | സ്ഥാപിത ശേഷി | സ്വകാര്യ സംരംഭകർ/ വർഷം |
|---|---|---|---|
| 1 | മണിയാർ SHEP(CPP) | 12 MW | M/s. Carborundum Universal - 1994 |
| 2 | കുത്തുങ്കൽ SHEP (CPP) | 21 MW | M/s.Indsil Electrosmelts Ltd - 2001 |
| 3 | അള്ളുങ്കൽ SHEP (IPP) | 7 MW | M/s.EDCL - 2008 |
| 4 | ഇരുട്ടുക്കാനം SHEP (IPP) | 3 MW | M/s.Viyyath Power Pvt Ltd - 2010 |

1990 മുതൽ വൈദ്യുതി ഉല്പാദന രംഗത്ത് സ്വകാര്യ മൂലധന നിക്ഷേപം വഴി ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്.

ബി. സ്വകാര്യ മേഖലയിലെ ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനായി കെ.എസ്.ഇ.ബി. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

ബി. Independent Power Projects (IPP) കളായ അള്ളുങ്കൽ (7 MW), ഇരുട്ടുകാനം (3 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ KSEB ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ പാലക്കാട്ട് ജില്ലാപഞ്ചായത്തിന് അനുവദിച്ച നല്കിയ (3 MW) മീൻവല്ലം പദ്ധതിയിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഈ പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല.

സി. പുതുതായി ജലവൈദ്യുതി പദ്ധതികൾക്ക് സ്വകാര്യ മേഖലയിൽ അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

സി. സ്വകാര്യസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ പരമാവധി നടപ്പിൽ വരുത്തുക എന്നതാണ് സർക്കാർ നയം.

ഇത്തരത്തിൽ പദ്ധതികൾ സംസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നോഡൽ ഏജൻസിയായി EMC (Energy Management Centre)യെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. EMC വഴി Bid route - ലാണ് ഇപ്പോൾ പദ്ധതികൾ 30 വർഷത്തേക്ക് BOOT basis - ൽ നല്കുന്നത്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 355 — 20.07.2011 ൽ മറുപടിയ്ക്ക്

### മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന വൈദ്യുതി.

**ചോദ്യം**

ശ്രീ. വി. ശശി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. പി. തിലോത്തമൻ :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) കേരളം മററ് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും എത്ര വീതം വൈദ്യുതി വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(എ) കേരളം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്നില്ല. എന്നാൽ കേന്ദ്രവിഹിതമായി മറ്റ് സംസ്ഥാനങ്ങളിലുള്ള നിലയങ്ങളിൽ നിന്നും വൈദ്യുതി ലഭിക്കുന്നുണ്ട്. ഇപ്രകാരം ജൂൺ 2011-ൽ ലഭിച്ച കേന്ദ്ര വിഹിതത്തിൻെറ കണക്ക് താഴെ ചേർക്കുന്നു.

| | സ്റ്റേഷൻ | സംസ്ഥാനം | വിഹിതം % | മെഗാവാട്ട് | ദശലക്ഷം യൂണിറ്റ് |
|---|---|---|---|---|---|
| 1 | രാമഗുണ്ടം - I & II | ആന്ധ്രാ പ്രദേശ് | 13.40 | 281 | 191-54 |
| 2 | രാമഗുണ്ടം - III | ആന്ധ്രാ പ്രദേശ് | 13.98 | 70 | 47.508 |
| 3 | താൽച്ചർ - II | ഒറീസ്സ | 21.98 | 440 | 281.13 |
| 4 | എൻ.എൽ. സി - I | തമിഴ്നാട് | 11.10 | 70 | 42.87 |
| 5 | എൻ. എൽ. സി - II | തമിഴ്നാട് | 11.81 | 99 | 61.97 |
| 6 | എൻ. എൽ. സി- എക്സ് | തമിഴ്നാട് | 14 | 59 | 37.28 |
| 7 | മാപ്സ് | തമിഴ്നാട് | -- | -- | 7.97 |
| 8 | കൈഗ | കർണ്ണാടക | -- | -- | 42.93 |

(ബി) ഓരോ സംസ്ഥാനത്തു നിന്നും വാങ്ങുന്ന വൈദ്യുതിക്ക് നൽകുന്ന വില എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി യുടെ വില താഴെ പറയും പ്രകാരമാണ്.

| സ്റ്റേഷൻ | രൂപ യൂണിറ്റൊന്നിന് |
|---|---|
| രാമഗുണ്ടം I II & III | 2.38 |
| താൽച്ചർ - II | 3.06 |

| | |
|---|---|
| എൻ.എൽ.സി - I | 1.88 |
| എൻ.എൽ.സി - II | 1.91 |
| എൻ. എൽ.സി - എക്സ് | 3.57 |
| മാപ്സ് | 2.36 |
| കൈഗ | 3.46 |

(സി) കേരളത്തിന് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതി ഇപ്പോൾ ലഭിക്കാതായിട്ടുണ്ടോ ; എങ്കിൽ ആ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) കേരളത്തിന് കേന്ദ്രവിഹിതമായി വൈദ്യുതി ലഭിക്കുന്നത് കർണ്ണാടക, തമിഴ്നാട്, ആന്ധ്രാ പ്രദേശ്, ഒറീസ്സ എന്നിവിടങ്ങളിൽ നിന്നുമാണ്. ഇതിൽ ഒറീസ്സയിൽ നിന്നുള്ള താൽച്ചർ താപ നിലയത്തിൽ നിന്നുള്ള വിഹിതത്തിൽ 04-07-2011 മുതൽ 13-07-2011 വരെ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഒറീസ്സ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശപ്രകാരം താൽച്ചർ - II ന്റെ പ്രവർത്തനം നിർത്തി വയ്ക്കേണ്ടിവന്നു. സർക്കാർ തലത്തിൽ നടന്ന ചർച്ചകളുടെ ഫലമായി 13-07-2011-ൽ താൽച്ചർ പ്രവർത്തന ക്ഷമമായി. ആ കുറവ് പരിഹരിക്കുന്നതിനുവേണ്ടി വിവിധ ട്രേഡർമാർ വഴിയും പവർ എക്സ്ചേഞ്ച് വഴിയും കരാർ പ്രകാരം വൈദ്യുതി വാങ്ങി കേരളത്തിലെ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 356 | 20.07.2011-ൽ മറുപടിയ്ക്ക്

## വൈദ്യുതി പ്രതിസന്ധി നേരിടാൻ സംവിധാനങ്ങൾ.

**ചോദ്യം**

ശ്രീ. സി. മമ്മൂട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻകുട്ടി :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി നേരിടാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി നേരിടാൻ പവർ ട്രേഡേഴ്സ് മുഖേന ഹ്രസ്വകാലാടിസ്ഥാനത്തിൽ പവർ പർച്ചേസ് ചെയ്യുന്നുണ്ട്. 2011 ജൂലൈ മാസത്തിൽ 300 മെഗാവാട്ട് പവറും, ആഗസ്റ്റ് മുതൽ 2012 ഏപ്രിൽ വരെ 100 മെഗാവാട്ട് പവറും അപ്രകാരം ഏർപ്പാടാക്കിയിട്ടുണ്ട്. കൂടാതെ സിസ്റ്റം ഓപ്പറേഷൻ കളമശ്ശേരി ഓഫീസിൽ നിന്നും പവർ എക്സ്ചേഞ്ച് മുഖേനയും Day ahead basis ൽ ട്രേഡർമാർ മുഖേനയും പവർ വാങ്ങുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ നിലയങ്ങൾ മെറിറ്റ് ഓർഡർ അനുസരിച്ച് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ ആഭ്യന്തര ജലവൈദ്യുത നിലയങ്ങളെ ലഭ്യമായ ജലത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി എന്തെങ്കിലും കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

1. <u>സി.എഫ്. എൽ വിതരണം</u> : ബച്ചത്ത് ലാംബ് യോജന പദ്ധതി പ്രകാരം സി. എഫ്. എൽ. ലഭിക്കാത്ത ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി

യുള്ള സി. എഫ്. എൽ വിതരണം 15-06-2011 മുതൽ 31-08-2011 വരെ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു.

2. നാളേയ്ക്കിത്തിരി ഊർജ്ജം : വിദ്യാർത്ഥികളുടെ പങ്കാളിത്തവും, സഹകരണവും, പൂർണ്ണമായും ഉറപ്പാക്കിക്കൊണ്ടുള്ള ഒരു ഊർജ്ജ സംരക്ഷണ പരിപാടി ഈ അക്കാദമിക് വർഷം മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2011 ആഗസ്റ്റ് മാസം മുതൽ 2012 മേയ് മാസം വരെയാണ് ഈ പദ്ധതിയുടെ ഒന്നാംഘട്ടം. പദ്ധതിയുടെ അടങ്കൽ തുക ഏകദേശം എഴുപതു ലക്ഷം രൂപയാണ്. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഹൈസ്ക്കൂളിലേയും അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളെയാണ് പങ്കെടുപ്പിക്കുന്നത്. 2011 ആഗസ്റ്റ് - 2012 മേയ് കാലയളവിലുള്ള അവരുടെ പ്രവർത്തന ഫലമായുള്ള വൈദ്യുത ഉപഭോഗത്തിലെ കുറവ് വിലയിരുത്തി മികച്ച പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്കും , സ്ക്കൂളുകൾക്കും, സ്ക്കൂൾ തലത്തിലും ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും സമ്മാനങ്ങൾ നല്കുന്നതാണ്.

ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി പ്രതിമാസം ഒരു ദശലക്ഷം യൂണിറ്റ്

വൈദ്യുതിയുടെ ദുരുപയോഗം തടയാൻ സാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

| | | | |
|---|---|---|---|
| (സി) | താൽച്ചർ വൈദ്യുതി നിലയത്തിൽ നിന്നു ലഭിക്കുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കുവാൻ നടപടി ആലോചിച്ചിട്ടുണ്ടോ ; | (സി) | താൽച്ചർ നിലയത്തിൽ നിന്നും കുറവുണ്ടായ വൈദ്യുതി പുറമേനിന്നു വാങ്ങി പരിഹരിച്ചു. ഇതു മൂലം സംസ്ഥാനത്ത് യാതൊരു നിയന്ത്രണവും ഏർപ്പെടുത്താതെ പ്രശ്നം പരിഹരിക്കുവാൻ സാധിച്ചു. |
| (ഡി) | സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ ഉല്പാദനം കൂട്ടാൻ തക്കവിധം ഡാമുകളിലെ ജലലഭ്യത പര്യാപ്തമാണോ ; | (ഡി) | പര്യാപ്തമല്ല. 12-07-2011-ലെ കണക്കു പ്രകാരം റിസർവോയറുകളിൽ പ്രതീക്ഷിച്ചതിൽ നിന്നും 14% അധികം നീരൊഴുക്ക് ലഭിച്ചിട്ടുണ്ടെങ്കിലും തുടർച്ചയായി ഉൽപ്പാദനം കൂട്ടാൻ തക്കവിധം ജലലഭ്യത പര്യാപ്തമല്ല. |
| (ഇ) | വൈദ്യുതി നിലയങ്ങളിലും വിതരണ ശൃംഖലകളിലും തുടർച്ചയായുണ്ടാകുന്ന പ്രതിസന്ധികളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; കാരണം വ്യക്തമാക്കുമോ ? | (ഇ) | വൈദ്യുതി നിലയങ്ങളിലും വിതരണ മേഖലയിലും തുടർച്ചയായ പ്രതിസന്ധികൾ ഉണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ മൂന്നു അപകടങ്ങൾ വൈദ്യുത നിലയങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഈ അപകടങ്ങളെല്ലാം തന്നെ വ്യത്യസ്തമായ കാരണങ്ങളാലാണ് സംഭവിച്ചിട്ടുള്ളത്. ഇവയുടെ കാരണങ്ങൾ വ്യത്യസ്തമായ കമ്മിറ്റികൾ പരിശോധിക്കുകയും അവയുടെ ശുപാർശകൾക്കനുസരിച്ച് അപകടങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മഴക്കാലത്ത് സാധാരണയായി വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന വൈദ്യുതി മുടക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉൽപ്പാദന/പ്രസരണ മേഖലകളിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ മൂലം വിതരണ ലൈനുകൾ ഓഫ് ചെയ്യേണ്ടി (load shedding) വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 357 — 20.07.2011-ൽ മറുപടിയ്ക്ക്

കൂടംകുളത്തുനിന്നുള്ള വൈദ്യുതി ലൈൻ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ് :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കൂടംകുളത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിനായുള്ള ലൈൻ നിർമ്മാണം ഏതു ഘട്ടം വരെയായി ; | (എ) കൂടംകുളത്തു നിന്നുള്ള വൈദ്യുതി ലൈനിന്റെ നിർമ്മാണം പവർ ഗ്രിഡ് കോർപ്പറേഷനാണ് (PGCIL) നടപ്പാക്കുന്നത്. പവർ ഗ്രിഡിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച് പണിയുടെ പുരോഗതി താഴെ പറയും പ്രകാരമാണ്. കൂടംകുളം - തിരുനെൽവേലി - ഇടമൺഭാഗം: പൂർത്തിയായി. കൊച്ചി മുതൽ മാടക്കത്തറ വരെ - ലൈൻപണി ഏകദേശം പൂർത്തിയാകാറായ ഘട്ടത്തിലാണ്. ഇടമൺ മുതൽ കൊച്ചി വരെ - പണിയുടെ പുരോഗതി മന്ദഗതിയിലാണ്. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ആക്ഷൻ കൗൺസിൽ അംഗങ്ങളുടെ ഇടപെടൽ മൂലം പണി നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) പ്രസ്തുത ലൈൻ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നു പോകുന്നത് ; ഇതിന്റെ ദൈർഘ്യം എത്ര ; പദ്ധതിയുടെ നിർമ്മാണ ചെലവ് എത്രയാണ് ; | (ബി) പ്രസ്തുത ലൈൻ തിരുനെൽവേലി - ഇടമൺ - കൊച്ചി വഴി മാടക്കത്തറയിലേക്കാണ് പോകുന്നത്. തിരുനെൽവേലി മുതൽ മാടക്കത്തറ വരെയുള്ള ലൈനിന്റെ ദൈർഘ്യം 310 കിലോ മീറ്ററാണ്. ഇതിന്റെ നിർമ്മാണചെലവ് കിലോമീറ്ററൊന്നിന് ഉദ്ദേശം 2.5 കോടി രൂപ നിരക്കിൽ 775 കോടി രൂപയാണ്. |
| (സി) കൂടംകുളം വൈദ്യുതി ലൈൻ കടന്നുപോകുന്ന മേഖലകളിലെ | (സി) ലൈൻ വലിയ്ക്കുന്നതുമായി ബന്ധപ്പെട്ട ജനങ്ങളുടെ ആശങ്കകൾ PGCIL ആ |

ജനങ്ങളുടെ ആശങ്കകൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ണ് പരിഹരിക്കേണ്ടത്. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിലവിലുള്ള തർക്കങ്ങൾ പരിഹരിയ്ക്കുന്നതിന് മുഖ്യമന്ത്രിയുടെ ആഭിമുഖ്യത്തിൽ ബന്ധപ്പെട്ട എം. എൽ. എമാരും പവർ ഗ്രിഡും, കെ. എസ്. ഇ. ബിയും, ആക്ഷൻ കൗൺസിലും കൂടി 19-09-2006, 25-05-2008, 21-01-2009 എന്നീ ദിവസങ്ങളിൽ യോഗങ്ങൾ കൂടുകയും, അതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് G.O (Rt) No. 581/2010/RD, 04-02-2010 ൽ ഇറക്കുകയും ചെയ്തിട്ടുണ്ട്. (അനുബന്ധം 1 ആയി ചേർക്കുന്നു). ഇതിനോടനുബന്ധിച്ച് 29-12-2010 ൽ കൂടിയ യോഗത്തിന്റെ തീരുമാനങ്ങളും അനുബന്ധം 2 ആയി ചേർക്കുന്നു. ലൈൻ നിർമ്മാണം പൂർത്തീകരിക്കുന്നതു സംബന്ധിച്ച് 18-07-2011 ൽ മുഖ്യമന്ത്രിയുടെ ആഭിമുഖ്യത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ ഏഴംഗ സമിതിയെ ഇക്കാര്യത്തിന്റെ വിവിധ വശങ്ങൾ പഠിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 358** — **20.07.2011 ൽ മറുപടിയ്ക്ക്**

## വന്യജീവികളുടെ സ്വാഭാവിക വാസസ്ഥലം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ശിവദാസൻ നായർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| വന്യജീവികളുടെ സ്വാഭാവിക വാസസ്ഥലം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | വന്യജീവികളുടെ സ്വാഭാവിക വാസസ്ഥലം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>1. ജലലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി വനപ്രദേശങ്ങളിലെ ചതുപ്പു നിലങ്ങൾ കുളങ്ങൾ, ഉറവകൾ, മറ്റു ജലസ്രോതസുകൾ എന്നിവ പരിപാലിച്ച് നിലനിർത്തുന്നു.<br><br>2. വന്യജീവികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി പുൽമേടുകളും വനസസ്യങ്ങളും സംരക്ഷിച്ച് നിലനിർത്തുന്നു.<br><br>3. വന്യമൃഗ ആവാസ പ്രദേശങ്ങളിൽ ശക്തമായ അഗ്നിസംരക്ഷണ പ്രവർത്ത നങ്ങൾ നടത്തുന്നു.<br><br>4. വന്യമൃഗ ആവാസ പ്രദേശങ്ങളിൽ തദ്ദേശീയമല്ലാത്ത സസ്യജാലങ്ങളും വൃക്ഷജനുസ്സുകളും കളകളും ഒഴിവാക്കുന്നു.<br><br>5. ആവാസ പ്രദേശങ്ങളിൽ വന്യ ജീവികൾക്ക് ഉണ്ടാകാവുന്ന ഉപദ്രവങ്ങൾ ഒഴിവാക്കുന്നതിനായി കഞ്ചാവ്കൃഷി, വന്യമൃഗവേട്ട എന്നിവ കർശനമായി തടയുന്നു. |

6. വനപ്രദേശങ്ങളിൽ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്

7. വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും വിപണന ആവശ്യങ്ങൾക്കായി വനവിഭവങ്ങൾ ശേഖരിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്.

8. വന്യജീവി ആവാസ പ്രദേശങ്ങളിൽ പകർച്ച വ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ കന്നുകാലികളുടെ പ്രവേശനം തടയുകയും മറ്റു സാധ്യമായ മുൻകരുതലുകൾ എടുക്കുകയും ചെയ്യുന്നുണ്ട്.

9. വന്യജീവികളുടെ പ്രജനന കാലത്ത് അവയുടെ അഭയകേന്ദ്രങ്ങളിൽ ഉപദ്രവങ്ങളും മറ്റു ശല്യങ്ങളും ഒഴിവാക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്

10. വനപ്രദേശങ്ങളിലെ ജലസംഭരണികളിൽ വിദേശീയ മൽസ്യങ്ങൾ വളർത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

11. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

12. വിഭജിക്കപ്പെട്ടു കിടക്കുന്ന വന്യജീവി ആവാസവ്യവസ്ഥകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഇടനാഴികൾ വീണ്ടെടുക്കുവാൻ ഉദ്ദേശിക്കുന്നു.

13. വനാശ്രിത സമൂഹങ്ങളിൽനിന്നുമുള്ള ആഘാതം ലഘൂകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു.

14. വന്യജീവി സങ്കേതങ്ങൾക്കുള്ളിൽ നിന്നും സ്വമേധയാ മാറിപ്പാർക്കണമെന്നാഗ്രഹം ഉള്ളവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 359 — 20.07.2011 ൽ മറുപടിക്ക്

## ഇ-ഗവേർണൻസ് പ്രോജക്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) വിവിധ വകുപ്പുകളിലെ ഇ-ഗവേർണൻസ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ഒരു വർഷത്തെ ഇ-ഗവേർണൻസ് കോഴ്സിന് വകുപ്പുകളിൽ നിന്ന് എത്ര പേരെ നിയോഗിച്ചിട്ടുണ്ട് ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) 15 പേരെ വീതം നിയോഗിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇങ്ങനെ നിയോഗിച്ചവരിൽ എത്ര പേർ ട്രെയിനിംഗ് പൂർത്തീകരി ച്ചിട്ടുണ്ട് ; | ബി) 2009-10, 2010-11 വർഷങ്ങളിലായി 30 പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ എത്ര പേരെ പ്രോജക്ട് നടത്തിപ്പിനായി നിയോ ഗിച്ചിട്ടുണ്ട്; | സി) പരിശീലനം പൂർത്തിയായ 11 പേരെ പ്രോജക്ട് നടത്തിപ്പിനായി നിയോഗിച്ചിട്ടുണ്ട്. |
| (ഡി) സർക്കാർ ഫീസ് ഒടുക്കി ഇ-ഗവേർണൻസ് ട്രെയിനിംഗിന് നിയോഗിച്ചവരെ വിവിധ പ്രോജക്ടുകളിലേക്ക് ഉപയോഗിക്കുമെന്ന് ഉറപ്പ് വരുത്താൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ഇ) ഇ - ഗവേർണൻസ് ട്രെയിനിംഗ് കഴിഞ്ഞവർക്ക് അതാതു വകുപ്പുകളിലോ ഏതാനും വകുപ്പുകൾ കൂട്ടിച്ചേർത്തോ ഇ-ഗവേർണൻസ് ചുമതല നൽകി പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) യും (ഇ) യും ഇ - ഗവേർണൻസ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ സർക്കാർ ജീവനക്കാരുടെ സേവനം അതാത് വകുപ്പുകളിലെ ഇ - ഗവേർണൻസ് പ്രോജക്ടുകളിൽ പ്രയോജനപ്പെടുത്തേണ്ടതാണെന്ന് 29.10.2010ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 253/2010/ഐ.ടി.ഡി പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

LIST OF GOVT. EMPLOYEES WHO ATTENDED PGDEG 2009-10
(Relieved on the afternoon of 7th October 2010)

| Sl.No | Name | Designation | Name of the Office |
|---|---|---|---|
| 1 | Mr. Mohan Prakash K | Sr. Accountant | District Treasury officer, District Treasury, Cherupullassery |
| 2 | Mr. Dhanesh Kumar T V | Sr. Accountant | Sub Treasury Officer, Sub Treasury Kozhikode |
| 3 | Mr. Vinod Raj V | Dairy Ext. Officer | Director, Diary Development Department, Thiruvananthapuram |
| 4 | Ms. Rejeetha R | -do- | Director, Diary Development Department, Thiruvananthapuram |
| 5 | Mr. Kiran Chith C | Assistant | Jt. Secretary, Services Department, Govt. Secretariat, Thiruvananthapuram |
| 6 | Mr. Krishna Kumar K | Manager | Office of the Inspecting Commissioner office, Commercial Taxes, Kozhikode |
| 7 | Mr. Dhanesh N | Intelligence Inspector | The Commissioner, Office of the Commissioner of Commercial Taxes, Public Office, Thiruvananthapuram |
| 8 | Mr. Anil C.V | Intelligence Inspector | The Commissioner, Office of the Commissioner of Commercial Taxes, Public Office, Thiruvananthapuram |
| 9 | Mr. Rajesh Kumar N | Jr. Health Inspector | Superintendent, CHC, Vadakkenchery |
| 10 | Mr. Rajesh P | Vocational Instructor | The Principal, Govt. Vocational Higher Secondary School, Meenchanda |
| 11 | Mr.Ajith A P | Asst. Engineer | The Chief Engineer (Admin), Public Work Department, Thiruvananthapuram |
| 12 | Mr. Ashraf M | Asst. Engineer | The Chief Engineer (Admin), Public Work Department, Thiruvananthapuram |
| 13 | Mr. Sunil G K | UD Clerk | Asst. Director of Panchayaths, Thrissur |
| 14 | Mr. Sreekumar D | HSA | The Head Master, GTHS, Valacode |
| 15 | Mr. Suresh Kumar B | LDC | The Principal, Medical College, Kottayam |

**Departmentwise Nomination**

| S No | Department | Total No. of nominations |
|---|---|---|
| 1. | District Treasury, Cherupullassery + Sub Treasury Kozhikode | 2 |
| 2. | Director, Diary Development Department, Thiruvananthapuram 1+1 | 2 |
| 3. | Jt. Secretary, Services Department, Govt. Secretariat, Thiruvananthapuram | 1 |
| 4. | Office of the Inspecting Commissioner office, Commercial Taxes, Kozhikode (1)Thiruvananthapuram (2) | 3 |
| 5. | Superintendent, CHC, Vadakkenchery | 1 |
| 6. | Public Work Department, Thiruvananthapuram 1+1 | 2 |
| 7. | The Principal, Govt. Vocational Higher Secondary School, Meenchanda + The Head Master, GTHS, Valacode +The Principal, Medical College, Kottayam | 3 |
| 8. | Asst. Director of Panchayaths, Thrissur | 1 |
| | Total | 15 |

LIST OF GOVT. EMPLOYEES WHO ATTENDED PGDEG 2010-11
(Relieved in the afternoon of 14th July ,2011)

| # | Name | Designation | Name of Office |
|---|---|---|---|
| 1 | Nowshad P. M | Agricultural Officer | Dept. of Agriculture |
| 2 | Berkmense F. | Sr.Grade Assistant | IT Dept, Secretariat |
| 3 | Vinu C.R. | HSA | Education Department, Malappuram |
| 4 | Jiju Krishnan K | UD Clerk | UD Clerk, Panchayath Dept. |
| 5 | Subhash G | Vice Principal | Industrial Training Department |
| 6 | Vijay Wills | Jr. Employment Officer | National Employment Service Department |
| 7 | Ayappan Nair T | Senior Inspector | Dept of Co-operation |
| 8 | Jyothis B. Nair | Jr. Accountant | Treasury Department |
| 9 | Deepak George | LDC/VA. Kottayam | Revenue Department |
| 10 | Roopan L. | Under Secretary | Finance Department, Secretariat |
| 11 | Ajt Francis Kollannur | Jr. Superintendent | State Planning Board |
| 12 | Riza M.M. | UD Clerk | Registration Department |
| 13 | Sreelatha S | Dy. Director (Asst. Exe. Engineer) | Irrigation Department |
| 14 | Ullas V S | Drilling Asst | Ground Water Department |
| 15 | Vasudevan P.V. | Jr. Health Inspector Gr II | Primary Health center, Wandoor, Malappuram, Health Services Department |

**Departmentwise Nomination**

| S No | Department | No of nominations |
|---|---|---|
| 1. | Dept. of Agriculture | 1 |
| 2. | IT Dept, Secretariat | 1 |
| 3. | Education Department, Malappuram | 1 |
| 4. | UD Clerk, Panchayath Dept. | 1 |
| 5. | Industrial Training Department | 1 |
| 6. | National Employment Service Department | 1 |
| 7. | Dept of Co-operation | 1 |
| 8. | Treasury Department | 1 |
| 9. | Revenue Department | 1 |
| 10. | Finance Department, Secretariat | 1 |
| 11. | State Planning Board | 1 |
| 12. | Registration Department | 1 |
| 13. | Irrigation Department | 1 |
| 14. | Ground Water Department | 1 |
| 15. | Primary Health center, Wandoor, Malappuram, Health Services Department | 1 |
| | Total | 15 |

LIST OF GOVT. EMPLOYEES ATTENDING PGDEG 2011-12
(Classes commenced on 11.7.2011)

| S No. | Name | Designation & Department |
|---|---|---|
| 1 | Sri. A.L. Joshi | Sr. Civil Police Officer, Police Department |
| 2 | Sri. Shyam Nadh R | Section Officer, IT Department, Govt. Secretariat |
| 3 | Sri. Geetha Krishnan K I | Assistant Engineer, LSGD |
| 4 | Sri. Nagin N | Sr. Grade Assistant, GAD, Govt. Secretariat |
| 5 | Sri. Anil Kumar A.P | UD Clerk, Panchayath |
| 6 | Sri. Gireesh V R | Assistant Engineer, LSGD |
| 7 | Sri. R K Anil Kumar | Civil Police Officer, Police Department |
| 8 | Sri. Dr. J. Balachandran | Veterinary Surgeon, Animal Husbandry |
| 9 | Sri. Assim M.S | Sr. Grade Assistant, GAD, Govt. Secretariat |
| 10 | Sri. Babu C V | Assistant Controller, Legal Metrology |
| 11 | Sri. Syam Krishnan K | Industries Extension Officer, Industries Department |
| 12 | Sri. Kunji Kannan. R | Assistant Professor, Collegiate Education |
| 13 | Sri. Abraham koshy | Asst. Executive Engineer, Irrigation Department |
| 14 | Sri. Shiju S | HAS, General Education Department |
| 15 | Sri. Rajesh R S | Civil Police Officer Police Department |

Note : i) Shri Geethakrishnan K I has informed that he is not joining. And therefore Smt Sapheena K S, Agriculture Officer, Agriculture Department has been offered admission.

ii) Shri N Nagin (4), Dr. J Balachandran (8) and Shri M S Assin (9) have accepted the offer of admission but are yet to join.

**Department wise Nomination**

| S No | Designation & Department | No. of nominations |
|---|---|---|
| 1. | Police Department | 3 |
| 2. | IT Department, Govt. Secretariat | 1 |
| 3. | Agriculture Department | 1 |
| 4. | GAD, Govt. Secretariat | 2 |
| 5. | UD Clerk, Panchayath | 1 |
| 6. | LSGD | 1 |
| 7. | Veterinary Surgeon, Animal Husbandry | 1 |
| 8. | Legal Metrology | 1 |
| 9. | Industries Department | 1 |
| 10. | Collegiate Education | 1 |
| 11. | Irrigation Department | 1 |
| 12. | General Education Department | 1 |
| | Total | 15 |

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 360 20-07-2011 ന് മറുപടിക്ക്

## കേന്ദ്ര വനാവകാശ നിയമത്തെക്കുറിച്ച് ബോധവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ:<br>" ഐ. സി. ബാലകൃഷ്ണൻ :<br>" തേറമ്പിൽ രാമകൃഷ്ണൻ:<br>" ലൂഡി ലൂയിസ് : | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) 2006- ലെ കേന്ദ്രവനാവകാശ നിയമത്തെക്കുറിച്ച് കേരളത്തിലെ ആദിവാസികളെ ബോധവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) വനാവകാശ നിയമ പ്രകാരം എത്ര ആദിവാസികൾക്ക് ഇതുവരെ കൈവശഭൂമിയുടെ അവകാശം നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) വനാവകാശ നിയമപ്രകാരം ഇതുവരെ 16723 അപേക്ഷകർക്ക് കൈവശ ഭൂമിയുടെ അവകാശം നൽകിയിട്ടുണ്ട്. |
| (സി) 2006- ലെ നിയമത്തിൽ അനുശാസിക്കുന്ന പൊതു അവകാശങ്ങൾ വെളിപ്പെടുത്താൻ തയ്യാറാകുമോ? | (സി) ഒരു പ്രദേശത്ത് അധിവസിക്കുന്ന ആദിവാസി സമൂഹത്തിന്റെ സ്ഥിരമായ ഉപയോഗത്തിന് വേണ്ടി അവർ പരമ്പരാഗതമായി പരിപാലിച്ചും, സംരക്ഷിച്ചും വരുന്ന വന പ്രദേശത്തെ ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം, സെറ്റിൽമെന്റുകളിൽ പൊതു ആവശ്യത്തിനായുള്ള ഭൂമിയുടെ മേലുള്ള അവകാശം എന്നിവയാണ് നിയമത്തിൽ അനുശാസിക്കുന്ന പൊതു അവകാശങ്ങൾ. |

സെക്ഷൻ ഓഫീസർ